# LAITY VOICE

2015 JUNE ► Volume: 5 ► No: 12




*കർഷക അവഗണനയ്ക്കെതിരെ കോട്ടയം തിരുനക്കര പോലീസ് സ്റ്റേഷൻ മൈതാനിയിൽ കർഷക ഐക്യവേദിയായ ദ പീപ്പിളിന്റെ ആഭിമുഖ്യത്തിൽ നടന്ന ഉപവാസസമരസമാപനത്തിൽ മലങ്കര യാക്കോബായ സിറിയൻ മെത്രാപ്പോലീത്താ തോമസ് മാർ തിമോത്തിയോസ് മാർ മാത്യു അറയ്ക്കലിന് നാരങ്ങാനീരുനൽകുന്നു. മുൻ എം.പി.തോമസ് കുതിരവട്ടം, ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, മുൻ എംഎൽഎ പി.സി.ജോസഫ്, ഡിജോ കാപ്പൻ, വി.ജെ.ലാലി, കെ.മോഹൻദാസ്, ജോസ് വെട്ടം, ജിനറ്റ് മാത്യു, ജോസ് പുത്തേട്ട് തുടങ്ങിയവർ സമീപം.*

# ഭരണരാഷ്ട്രീയ നേതൃത്വങ്ങൾക്ക് താക്കീതുമായി കർഷക ഉപവാസം ചരിത്രസംഭവമായി

കോട്ടയം: ഭരണരാഷ്ട്രീയ നേതൃത്വങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചാടുവാൻ കർഷകരെ കിട്ടില്ലെന്ന് ആവർത്തിച്ചുപ്രഖ്യാപിച്ചുകൊണ്ട് കോട്ടയം തിരുനക്കര പോലീസ് സ്റ്റേഷൻ മൈതാനിയിൽ കർഷക ഐക്യവേദിയായ ദ പീപ്പിളിന്റെ ആഭിമുഖ്യത്തിൽ നടന്ന ഉപവാസസമരം ചരിത്രസംഭവമായി. പൊള്ളുന്ന വെയിലിലും ഇൻഫാം ദേശീയ രക്ഷാധികാരിയും കാഞ്ഞിരപ്പള്ളി രൂപതാബിഷപ്പുമായ മാർ മാത്യു അറയ്ക്കലിനോടൊപ്പം ആയിരക്കണക്കിന് കർഷകരാണ് മുഴുവൻ സമയ ഉപവാസത്തിൽ പങ്കുചേർന്നത്. വൻ സാമ്പത്തിക പ്രതിസന്ധിയിൽ കാർഷികമേഖല തകർന്നടിയുമ്പോൾ ഭരണരാഷ്ട്രീയ നേതൃത്വങ്ങൾ വഴിപാടുസമരങ്ങളും പാഴ്‌വാഗ്ദാനങ്ങളും നടത്തി കർഷകരെ വഞ്ചിക്കുകയാണെന്നും അടിയന്തര ഇടപെടലുകൾ നടത്തിയില്ലെങ്കിൽ വൻ ദുരന്തങ്ങളുണ്ടാകുമെന്നും ഉപവാസസമരത്തിലുടനീളം കർഷകർ വികാരത്തോടെ പങ്കുവച്ചു.

രാവിലെ 10ന് ആരംഭിച്ച ഉപവാസസമരത്തിൽ സംഘാടകസംഘം കൺവീനർ ഡിജോ കാപ്പൻ (മാനേജിംഗ് ട്രസ്റ്റി, സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ) ആമുഖപ്രഭാഷണം നടത്തി. പി.സി.ജോസഫ് എക്സ് എംഎൽഎ (ചെയർമാൻ, സെന്റർ ഫോർ ഫാർമേഴ്സ് ഗൈഡൻസ്&റിസർച്ച്)സ്വാഗതം ആശംസിച്ചു. വിവിധ കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഫാ.സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ (ജനറൽ കൺവീനർ, ഹൈറേഞ്ച് സംരക്ഷണ സമിതി), അഡ്വ. ജോൺ ജോസഫ് (ആന്റി കറപ്ഷൻ പീപ്പിൾസ് മൂവ്മെന്റ്) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ബഹു.മൗലവി മുഹമ്മദ് റഫീഖ് അൽ കൗസരി (രക്ഷാധികാരസമിതിയംഗം ഹൈറേഞ്ച് സംരക്ഷണ സമിതി), ജോസ് പുത്തേട്ട് (പ്രസിഡന്റ് കർഷകവേദി), ഫാ.ജോസഫ് ഒറ്റപ്ലാക്കൽ (ദേശീയ ചെയർമാൻ, ഇൻഫാം കണ്ണൂർ), മുതലാംതോട് മണി (ജന.സെക്രട്ടറി ദേശീയ കർഷകസമാജം പാലക്കാട്), ടി.പീറ്റർ (ജന. സെക്രട്ടറി, സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ തിരുവനന്തപുരം), ഫാ.തോമസ് പീലിയാനിക്കൽ (ഡയക്ടർ കുട്ടനാട് വികസനസമിതി ആലപ്പുഴ), വി.വി.അഗസ്റ്റിൻ (കൺവീനർ അഗ്രികൾച്ചറൽ ഫോറം എറണാകുളം), ജോസഫ് തോമസ് വെട്ടത്ത് (ജനറൽ സെക്രട്ടറി, കർഷകവേദി), സി.കെ.മോഹനൻ (രക്ഷാധികാരസമിതിയംഗം, ഹൈറേഞ്ച് സംരക്ഷണ സമിതി ഇടുക്കി), ഫാ.ആന്റണി കൊഴുവനാൽ (ജന.സെക്രട്ടറി, പശ്ചിമഘട്ട സംരസമിതി കോഴിക്കോട്), ഡോ.എം.സി.ജോർജ്ജ് (ദേശീയ ട്രസ്റ്റി ഇൻഫാം), ജോസ് മാത്യു (പ്രസിഡന്റ് സനാതനം കർഷക സംഘം കൊല്ലം), കെ.മൈതീൻ ഹാജി (ദേശീയ വൈസ്പ്രസിഡന്റ്, ഇൻഫാം), ജോയി ജോസഫ് (പ്രസിഡന്റ് ഇഎഫ്എൽ പീഢിത കൂട്ടായ്മ നിലമ്പൂർ), ജിനറ്റ് മാത്യു (പ്രസിഡന്റ്, പരിയാരം കർഷകസമിതി തൃശൂർ), ജോസ് എടപ്പാട്ട് (റീജണൽ പ്രസിഡന്റ് ഇൻഫാം മൂവാറ്റുപുഴ), വി.ജെ.ലാലി (കർഷകവേദി ചങ്ങനാശ്ശേരി) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

കർഷക അവകാശ പ്രഖ്യാപന കരടുരേഖ ദ പീപ്പിൾ കോർഡിനേറ്ററർ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ പൊതുസമൂഹത്തിന്റെ ചർച്ചയ്ക്കായി സമർപ്പിച്ചു. സമാനമായ പ്രക്ഷോഭങ്ങൾ കേരളത്തിലെ ഇതര ജില്ലാകേന്ദ്രങ്ങളിലും വരും നാളുകളിൽ സംഘടിപ്പിക്കും. വെറും വോട്ടുബാങ്കുകൾ മാത്രമായി കർഷകരെ ആർക്കും വിട്ടുകൊടുക്കില്ലെന്നും പ്രഖ്യാപിച്ചു.

ചങ്ങനാശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, പാലരൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മലങ്കര ക്നാനായ ആർച്ച്ബിഷപ് മാർ സെബീറിയോസ്, വിജയപുരം രൂപത ബിഷപ് മാർ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ, ജസ്റ്റിസ് പി.കെ.ഷംസുദീൻ, സത്യസായി സമുന്നയുടെ ചെയർമാൻ ഡോ.എൻ.ആർ.മേനോൻ, ആലുവ ഹൈന്ദവസേവാശ്രമം അധിപൻ സ്വാമി പുരാനന്ദ, ഡോ.ജോൺ ദാനിയേൽ, മുൻ എംപി തോമസ് കുതിരവട്ടം, വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ സെക്രട്ടറി എം.കെ.തോമസ്കുട്ടി എന്നിവർ ഉപവാസസമരത്തിന് ഐക്യദാർഢ്യമേകി സംസാരിച്ചു. മലങ്കര യാക്കോബായ സിറിയൻ മെത്രാപ്പോലീത്താ തോമസ് മാർ തിമോത്തിയോസിൽ നിന്നും നാരങ്ങാനീരു സ്വീകരിച്ചുകൊണ്ട് മാർ മാത്യു അറയ്ക്കൽ ഉപവാസസമരം അവസാനിപ്പിച്ചു.




# കർഷകരിന്നും ചതിക്കുഴിയിൽ

കർഷകർക്കുവേണ്ടി ശബ്ദിക്കുവാൻ ഞങ്ങൾ വീണ്ടും നിർബന്ധിതരാകുന്നു. കാരണം **LAITY VOICE** ശബ്ദമില്ലാത്തവരുടെ ശബ്ദമാണ്. സഭയുടെയോ സമുദായത്തിന്റെയോ നിലപാടുകളല്ല ഇവിടെ പങ്കുവയ്ക്കുന്നത്. മറിച്ച് ജീവിത ക്ലേശത്തിൽ ബുദ്ധിമുട്ടുന്ന ഒരു ജനതയുടെ നെടുവീർപ്പുകളും നൊമ്പരങ്ങളുമാണ്. ഭാരതത്തിലെ ജനസംഖ്യയുടെ ബഹുഭൂരിപക്ഷം വരുന്ന കർഷകനെ നിരന്തരം വിഢികളാക്കുവാൻ അധികാരികളും അധികാരത്തിലിരുന്നവരും ശ്രമിക്കുമ്പോൾ സത്യം വിളിച്ചുപറയുവാൻ നമുക്കാകുന്നില്ലെങ്കിൽ മനഃസാക്ഷി മരവിച്ചുപോയി എന്നല്ലേ അതിനർത്ഥം. ഒരിക്കലുമില്ലാത്ത കർഷകസ്നേഹവുമായി രാജ്യത്തുടനീളം ഓടിനടക്കുകയാണ് അധികാരം നഷ്ടപ്പെട്ട രാഷ്ട്രീയ നേതൃത്വങ്ങൾ. ട്രെയിനിലും, കാളവണ്ടിയിലും യാത്രചെയ്ത് ഇന്ത്യയിലെ കർഷകരെ കണ്ടെത്തി അവരുടെ കുടിലുകളിൽ നിന്ന് ഭക്ഷണം കഴിച്ച്, ഇതെല്ലാം വാർത്തയാക്കി ജനങ്ങളുടെ മനസുകവരാമെന്ന മിഥ്യാധാരണയോടെ നെട്ടോട്ടമോടുന്നവർ ജനങ്ങൾക്ക് ബുദ്ധി വികസിച്ചുവെന്നും യാഥാർത്ഥ്യങ്ങൾ മനസിലാക്കുവാനുള്ള കഴിവും വിലയിരുത്തുവാനുള്ള ആർജ്ജവവുമുണ്ടെന്നുള്ള വസ്തുത വിസ്മരിച്ചുപോയി.

**അധികാരത്തിലിരുന്നപ്പോൾ കർഷകനെ ക്രൂശിച്ചവർ കർഷക സ്നേഹത്തിന്റെ മുതലക്കണ്ണീരൊഴുക്കി രാജ്യം ചുറ്റുന്നതെന്തിനുവേണ്ടി? പൊട്ടിച്ചിതറിയ പാർട്ടിസംവിധാനത്തെ കൂട്ടിച്ചേർത്ത് ഇന്നലകളിൽ രാജ്യംകണ്ട അഴിമതിയെയും കർഷകദ്രോഹങ്ങളെയും വെള്ളപൂശുവാൻ ഈ യാത്രകൾക്കാവുമോ?** പതിറ്റാണ്ടുകൾ കേന്ദ്രത്തിലധികാരത്തിലിരിക്കുകയും കർഷകരെ നിരന്തരം ദ്രോഹിക്കുകയും കഴിഞ്ഞ മൂന്നു വർഷത്തിലേറെയായി റബറുൾപ്പെടെ കാർഷികമേഖലയിൽ പ്രതിസന്ധി അതിരൂക്ഷമായി തുടരുകയും ചെയ്തിട്ടും കർഷകരുടെ പ്രശ്നങ്ങൾ വീണ്ടും പഠിക്കുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നവരുടെ കുശാഗ്രബുദ്ധിയെ കേരളത്തിലെ കർഷകർ പുഛിച്ചുതള്ളും.

**സാമ്പത്തികവൽക്കരണത്തിന്റെ മറപിടിച്ച് അന്തർദ്ദേശീയ കരാറുകളിൽ ഒപ്പുവച്ച് ഈ നാടിനെ വിദേശശക്തികൾക്ക് വിപണിയ്ക്കായി തീറെഴുതിക്കൊടുത്തതാരാണ്? അനിയന്ത്രിതമായ റബർ ഇറക്കുമതിക്ക് കുടപിടിച്ച് ഇന്ത്യയിലെ റബർ കൃഷിക്കാരന്റെ നടുവൊടിച്ചതാരാണെന്ന് മനസ്സുവേദനിക്കുമ്പോഴും കർഷകർക്കറിയാം. പരിസ്ഥിതിയേയും മണ്ണിനേയും എക്കാലവും സംരക്ഷിക്കുന്ന പശ്ചിമഘട്ടത്തിലെ കർഷകജനതയുടെ ജീവിതത്തിനും ജീവനും വെല്ലുവിളിയുയർത്തിയ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്ക് രൂപവും ഭാവും നൽകിയത് ആരാണ്?**

പിറന്നുവീണ സ്വന്തം മണ്ണിൽ അന്യനേപ്പോലെ കഴിയേണ്ടി വരുന്ന ഗതികെട്ട അവസ്ഥയിലേയ്ക്ക് കേരളത്തിലെ മലയോര മേഖലയിലെ 22 ലക്ഷം ജനങ്ങളെ വലിച്ചെറിഞ്ഞവർ എങ്ങനെ കർഷകരുടെ സംരക്ഷകരാകും?

കടലിന്റെ മക്കളെ കണ്ണീർക്കയത്തിലേയ്ക്ക് തള്ളിയിട്ടിരിക്കുന്ന ഡോ.മീനാകുമാരി കമ്മീഷനെ നിയമിച്ചതും അവർക്ക് mandate നിശ്ചയിച്ചുകൊടുത്തതും ഏതു സർക്കാരാണെന്ന സത്യം തീരദേശജനതയ്ക്കറിയാം. റബർ കർഷകരുടെ രോദനം കേൾക്കുവാനും കടലോരത്തെ ജനങ്ങളുടെ ദുഃഖമകറ്റുവാനും ഇറങ്ങിത്തിരിച്ചവരുടെ മുഖംമൂടി വലിച്ചുകീറുവാനും, കാപട്യം തിരിച്ചറിയുവാനും ഇന്നിന്റെ തലമുറയ്ക്കാവുമെന്നത് പ്രതീക്ഷയേകുന്നു. രാഷ്ട്രീയ അധഃപതനത്തിന്റെയും വ്യക്തിപൂജയുടെയും അധികാര അഴിമതിയുടെയുമായ ഈ നാട്ടിൽ ഇന്ത്യൻ പൗരന്റെ അന്തസ്സും അഭിമാനവും നഷ്ടപ്പെട്ട അവസ്ഥയിലാണ് നാമിന്ന്. കഴിഞ്ഞ നാളുകളിൽ 8 മന്ത്രിമാർ കേന്ദ്രത്തിൽ അധി



കാരത്തിലിരുന്നിട്ടും കർഷകർക്കായി ചെറുവിരലനക്കാത്തവർ അധികാരം നഷ്ടപ്പെട്ടിരിക്കുമ്പോൾ റബർ കൃഷിക്കാരുടെയും കടലോരമക്കളുടെയും സംരക്ഷകരാകുന്ന നിലയും വിലയും നഷ്ടപ്പെട്ട രാഷ്ട്രീയ കുതന്ത്രം സഹിക്കാവുന്നതിനപ്പുറമാണ്.

**രാഷ്ട്രീയപാർട്ടികളുടെയും അധികാര കേന്ദ്രങ്ങളുടെയും വാചകക്കസർത്തുകളിലും വാഗ്ദാനങ്ങളിലും വിശ്വാസം നഷ്ടപ്പെട്ട കർഷകർ, ഇന്നലെകളിൽ അടിമകളേപ്പോലെ ഇക്കൂട്ടർക്ക് സേവനം ചെയ്തുവെന്നത് സത്യമാണ്. ബോധ്യങ്ങളിൽ നിന്നവൻ ഉണർന്നു ചിന്തിക്കുമ്പോൾ ഈ ജീവിതത്തിലെ ഒരു നിമിഷമെങ്കിലും സിഹത്തെപ്പോലെ ഗർജിക്കണമെന്ന് ഉള്ളിലിവർക്ക് മോഹമുണ്ട്.** അതു സാധിക്കണമെങ്കിൽ രാഷ്ട്രീയ അതിപ്രസരത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് മുന്നേറുവാൻ കർഷകർക്കാകണം. അവകാശസംരക്ഷണത്തിൽ ലോകത്തിൽതന്നെ ഏറ്റവുംകൂടുതൽ പ്രസ്ഥാനങ്ങളുള്ള സംസ്ഥാനമാണ് കേരളം. ഇവയൊക്കെ അഞ്ചക്കശമ്പളം പ്രതിമാസം മേടിക്കുന്ന ഉന്നതവിദ്യാഭ്യാസമുള്ള ജീവനക്കാരും, സമൂഹത്തിൽ ശക്തിയുള്ളവരും

കൂടുതൽ അവകാശങ്ങൾ നേടുവാൻ സ്വയം സംഘടിക്കുന്നവരുമാണ്. എക്കാലവും ചൂഷണത്തിന് വിധേയമായിരിക്കുന്ന കർഷകർക്കും പാർശ്വ വൽക്കരിക്കപ്പെട്ടിരിക്കുന്നവർക്കും എല്ലാം നഷ്ടപ്പെടുന്ന സാഹചര്യ ത്തിലും നിരന്തരം വഞ്ചിക്കപ്പെടുന്ന അവസ്ഥയിലും സംഘടിച്ചുമു ന്നേറുവാനും നെഞ്ചുനിവർത്തിനിന്ന് പ്രതികരിക്കുവാനും സാധിക്കു ന്നില്ലെങ്കിൽ വരും നാളുകൾ ദുരിതപൂർണ്ണമാകും.

**ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖമുദ്രയാണ് മതേതരത്വം. മതേതരത്വം ഉയർത്തിക്കാട്ടുന്ന ഭാരതപൗരന്റെ ജനാധിപത്യഭരണത്തി നായി തെരഞ്ഞെടുപ്പുകളിൽ പുൽകേണ്ടത് ജാതിയും മതവും വർഗ്ഗ വുമല്ല, മറിച്ച് ജനകീയ പ്രശ്നങ്ങളും ജനനന്മപദ്ധതികളും രാജ്യവി കസനവുമാണ്.** കാർഷികരാജ്യമായ ഇന്ത്യയ്ക്ക് കർഷകനെ അവഗ ണിച്ചുള്ള വികസനം ഒരിക്കലും ഭൂഷണമല്ല. കർഷകനെ വോട്ടുബാ ങ്കുകളായി മാത്രം കാണുന്ന രാഷ്ട്രീയ അടവുകൾ ഒരിക്കലും അംഗീ കരിക്കാനാവില്ല. കർഷകർ ഉറക്കംവിട്ടുണരേണ്ട സമയം അതിക്രമി ച്ചിരിക്കുന്നു. പ്രത്യേകിച്ച് അറിവും വിവരവുമുള്ള കേരളത്തിലെ കർഷ കർ. കാലങ്ങളായി നമ്മെ വിലയ്ക്കെടുത്തവർ നമുക്ക് എന്തു നേടി ത്തന്നുവെന്ന് പൊതുതെരഞ്ഞെടുപ്പുകൾക്കുമുമ്പായിട്ടെങ്കിലും ആത്മ പരിശോധന ചെയ്യുവാൻ കർഷകനാകണം. അധികാരത്തിലിരിക്കു മ്പോൾ നമ്മെ കൈവിടുന്നവർ പിന്നെ എന്നാണ് കർഷകനെ സഹായി ക്കുന്നത്? **പ്രതിസന്ധിയിലും പ്രതിബന്ധങ്ങളിലും തളർന്നുവീഴുന്ന നിമിഷങ്ങളിൽ കർഷകന് കൈത്താങ്ങാകുന്നവരെ തെരഞ്ഞെടുപ്പു വേളകളിൽ സഹായിക്കുന്ന നിലപാടായിരിക്കണം കർഷകന്റേത്. ഇക്കാര്യത്തിൽ ജാതിയും മതവും രാഷ്ട്രീയവുമില്ല.** മറിച്ച് കാർഷി കവിഷയങ്ങളാണ് അടിസ്ഥാനമാക്കേണ്ടത്. കാർഷികവിഷയങ്ങളിൽ ജാതിയും മതവും രാഷ്ട്രീയവും കൂട്ടിക്കലർത്തി കർഷകരെ തമ്മിലടി പ്പിച്ച് നേട്ടംകൊയ്യാൻ ശ്രമിക്കുന്നവർ ആട്ടിൻതോലിട്ട ചെന്നായ്ക്കളാ ണ്. അധികാരത്തിലിരിക്കുമ്പോൾ കർഷകർക്കായി ചെറുവിരലനക്കാ ത്തവരുടെ കർഷകസ്നേഹം കാപട്യമാണ്.

മാറിമാറി കേരളം ഭരിച്ചവർ കർഷകരെ മറന്നു. കാരണം അവർ അസംഘടിതരായിരുന്നു. പല തട്ടുകളും തുരുത്തുകളുമായി അവനെ വിഘടിപ്പിച്ചുനിർത്തി തമ്മിലടിപ്പിക്കുന്നതിൽ കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ വിജയിച്ചു. ഭൂരിപക്ഷമുള്ള കർഷകൻ അസം ഘടിതരാണ് എന്ന ഒറ്റക്കാരണത്താൽ ആർക്കും വേണ്ടാത്തവനായി.



2015-16ൽ കേരളത്തിന്റെ നികുതി വരുമാനം 45,428 കോടിയാണ്. കേന്ദ്ര ത്തിൽ നിന്നു ലഭിക്കുന്നത് 13,122 കോടിയും. കേന്ദ്ര പ്ലാൻ ഫണ്ട്, ധന കാര്യകമ്മീഷൻ വരവ്, ലോട്ടറി ലോട്ടറിയേതര വരുമാനമുൾപ്പെടെ ആകെ വരുമാനം 77,427 കോടിയാണ്. ആകെ ചെലവ് 85,259 കോടിയും. ഇവയിൽ ശമ്പളം. പെൻഷൻ, പലിശ എന്നിവയ്ക്കുമാത്രമുള്ളത് 50,791 കോടി രൂപ. അതായത് നികുതി വരുമാനം 45,428 കോടിരൂപയായി രിക്കെ സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകുവാനും പെൻഷനും പലിശയടക്കുവാനും മാറ്റിവെച്ചിരിക്കുന്ന തുക അതിനേക്കാൾ വളരെ കൂടുതലാണ്. 2011ലെ സെൻസസനുസരിച്ച് കേരളത്തിലെ ജനസംഖ്യ 3.34 കോടിയോളമാണ്. നിലവിലുള്ള കണക്കനുസരിച്ച് സർക്കാർ ശ മ്പളം പറ്റുന്ന ജീവനക്കാർ 5,11,847. സർവീസ് പെൻഷൻ, ഫാമിലി പെൻഷൻ, മറ്റു പെൻഷനുകൾ ഇവ കൈപ്പറ്റുന്നവർ 4,59,342. **കേരള ത്തിലെ ജനസംഖ്യയിലെ ഒന്നര ശതമാനം ജീവനക്കാരെയും അത്രയും തന്നെ പെൻഷൻകാരെയും തീറ്റിപ്പോറ്റുവാൻ നികുതിപ്പണം തികയാതെ 6000 കോടിയിലേറെ കടമെടുക്കേണ്ട ഗതികെട്ട സാമ്പ ത്തിക നയമാണ് നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതെന്നുള്ളത് ഞെട്ടി**



**പ്പിക്കുന്നതാണ്.** ഇതിനു പണം കണ്ടെത്താൻ ഭൂനികുതി ആറുമടങ്ങ് കൂട്ടി, വീട്ടുകരം കൂട്ടി, വൈദ്യുതിചാർജു കൂട്ടി, കെഎസ്ആർടിസിയിൽ സെസ് വേറെ. വെള്ളക്കരം കൂട്ടി. ശ്വസിക്കുന്ന വായുവിനുമാത്രം നി കുതിയും വിലയും നിശ്ചയിച്ചിട്ടില്ല. അസംഘടിത കർഷക സമൂഹത്തെ അടിച്ചമർത്തിക്കൊണ്ട് സംഘടിത ഉദ്യോഗസ്ഥ വർഗ്ഗത്തിന്റെ സ്തുതി പാഠകരായി രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ മാറിയിരിക്കുന്നുവെന്ന യാ ഥാർത്ഥ്യം പൊതുസമൂഹം തിരിച്ചറിയണം.

ഏവർക്കും സ്വീകാര്യമായ ഒരു സമ്പദ്‌വ്യവസ്ഥയുടെ അഭാ വമാണ് ഇന്നിന്റെ ഏറ്റവും വലിയ പ്രതിസന്ധി. സർക്കാർ വരുമാനം നീതിപൂർവ്വം വീതംവച്ചുകൊണ്ട് ഉല്പാദനശക്തികളെ പരമാവധി ഉപ യോഗപ്പെടുത്തി എല്ലാ പൗരന്മാർക്കും സാമ്പത്തികഭദ്രത ഉറപ്പുവരു ത്തുവാൻ പര്യാപ്തമായ ഒരു സാമ്പത്തിക നയമില്ലായ്മ നമ്മെയിന്ന് വൻപ്രതിസന്ധിയിലാക്കിയിരിക്കുന്നു. മറിച്ച് അഴിമതിയും ചൂഷണവും കെടുകാര്യസ്ഥതയും ജീവിതഭാഗമായി, ദാരിദ്ര്യം വർദ്ധിച്ചു. സമൂഹ ത്തിന്റെ താഴെത്തട്ടിലുള്ള കർഷകർ, കർഷകത്തൊഴിലാളികൾ, മത്സ്യ ബന്ധനമേഖലയിൽ പ്രവർത്തിക്കുന്നവർ, ദരിദ്രർ, അവശതയനുഭവി ക്കുന്നവർ, എന്നിവർക്ക് സംസ്ഥാനത്തിന്റെ ധനവിഭവങ്ങൾ ജനസം ഖ്യാടിസ്ഥാനത്തിൽ പങ്കുവയ്ക്കപ്പെടണം.

**സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ 2015ലെ എക്കണോമിക് റിവ്യൂ പ്രകാരം കേരളത്തിൽ 6831000 കൃഷിയിടങ്ങളാണുള്ളത്. ആകെ അസംഘടിത കുടുംബങ്ങൾ 6076155. ഇതിൽ ദാരിദ്ര്യരേഖയ്ക്കു താഴെ 20,66,000 പേർ. ബാക്കി 40,10155 കുടുംബങ്ങളിൽ 11 ലക്ഷ ത്തോളം വരുന്ന മത്സ്യബന്ധനമേഖലയിൽ പ്രവർത്തിക്കുന്നവരിൽ ബഹുഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. 18 ലക്ഷത്തോളം വരുന്ന ദരിദ്രകർഷകരിൽ വലിയൊരുവിഭാഗവും ദരിദ്രർ തന്നെയാണ്. ചുരുക്കത്തിൽ 66 ലക്ഷം ദരിദ്രകർഷക കുടുംബങ്ങളുടെ ജീവിത മാർഗ്ഗമാണ് കൃഷിയും അനുബന്ധമേഖലയും.** സർക്കാർ കണക്കിൽ ദരിദ്രവിഭാഗത്തിൽ പെടാത്ത 40 ലക്ഷത്തിൽപരം കർഷകകുടുംബങ്ങ ളാണുള്ളത്. ഇവർ കേരളത്തിലെ ആർക്കും വേണ്ടാത്ത ജനവിഭാഗ മായി ഇന്നു മാറിയിരിക്കുന്നു. രാഷ്ട്രീയ നേതൃത്വങ്ങൾ കാലാകാല ങ്ങളായി ഇവരെ അടിമകളേപ്പോലെ ഉപയോഗിച്ച് പ്രതീക്ഷകൾ വാരി ക്കോരിനൽകി വഞ്ചിക്കുന്നു. ഉദ്യോഗസ്ഥ മർദ്ദനങ്ങൾ വേറെ. ഒരാ നുകൂല്യങ്ങളും ലഭിക്കാത്ത ദരിദ്രരേക്കാൾ ദരിദ്രരായ ജനവിഭാഗമാണ് ഇന്നത്തെ കർഷകർ. സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഭൂരിപക്ഷമുള്ള നിശബ്ദവോട്ടർമാരാണിവർ. കർഷകർ സ്വതന്ത്രമായി സംഘടിച്ചാൽ മാത്രമേ രാഷ്ട്രീയ നേതൃത്വങ്ങൾ കർഷകനെ അംഗീക രിക്കൂ. അംഗസംഖ്യയിൽ ബഹുഭൂരിപക്ഷമായ കർഷകനിൽ അമിത ഭാരമേർപ്പെടുത്തി അവനെ ചവിട്ടിത്താഴ്ത്തി വളരെ ന്യൂനപക്ഷങ്ങളായ ഉദ്യോഗസ്ഥ രാഷ്ട്രീയ നേതൃത്വങ്ങൾ കൊഴുത്തുതടിക്കുന്നതു കണ്ടിട്ടും നിർവികാരതയോടെ ജീവിക്കുന്നതിലെന്തർത്ഥം. സംഘടിച്ചുനീങ്ങു വാൻ നമുക്കായില്ലെങ്കിൽ നിലനിൽപ്പുതന്നെ ഇല്ലാതാകും.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ

## ദ പീപ്പിളിന്റെ കർഷക അവകാശ പ്രഖ്യാപനരേഖ പ്രകാശനം ചെയ്തു

കോട്ടയം: കർഷക ഐക്യവേദിയായ ദ പീപ്പിളിന്റെ കർഷക അവകാശപ്രഖ്യാപന കരടുരേഖ പുറത്തിറക്കി. കോട്ടയം തിരുനക്കര പോലീസ് സ്റ്റേഷൻ ഗ്രൗണ്ടിൽ ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കലിന്റെ നേതൃത്വത്തിൽ നടന്ന കർഷക ഉപവാസസമരത്തിൽ പാല രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആലുവ ഹൈന്ദവസേവാശ്രമ മഠാധിപതി സ്വാമി പുരാനന്ദയ്ക്ക് നൽകി പ്രകാശനം ചെയ്തു. ദ പീപ്പിൾ കോർഡിനേറ്റർ ഷെവലിയർ വി.സി.സെബാസ്റ്റ്യൻ കർഷക അവകാശരേഖയുടെ പ്രഖ്യാപനം നടത്തി.

ചങ്ങനാശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, പാല രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മലങ്കര ക്നാനായ ആർച്ച്ബിഷപ് മാർ സെബീറിയോസ്, വിജയപുരം രൂപത ബിഷപ് മാർ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ, ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ, സത്യസായി സമുന്നയുടെ ചെയർമാൻ ഡോ.എൻ.ആർ.മേനോൻ, ആലുവ ഹൈന്ദവസേവാശ്രമം അധിപൻ സ്വാമി പുരാനന്ദ, ഡോ.ജോൺ ദാനിയേൽ, മുൻ എംപി തോമസ് കുതിരവട്ടം, വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ സെക്രട്ടറി എം.കെ.തോമസ്കുട്ടി എന്നിവർ എന്നിവർ പങ്കെടുത്തു. കർഷക അവകാശ പ്രഖ്യാപന രേഖയെക്കുറിച്ച് ജൂൺ, ജൂലൈ മാസങ്ങളിൽ കേരളത്തിലെ വിവിധ ജില്ലാ കേന്ദ്രങ്ങളിലും കർഷകസംഘടനകളിലും ചർച്ചകളും സെമിനാറുകളും നടക്കും. ചിങ്ങം 1ന് കർഷക അവകാശരേഖ സർക്കാരിന് സമർപ്പിക്കും. അവകാശരേഖയെക്കുറിച്ച് പഠിക്കുവാനും നടപടികളെടുക്കുവാനും സർക്കാരിന് ഒരുമാസത്തെ സമയം നൽകും. തുടർ നടപടികൾ വൈകിയാൽ സെപ്റ്റംബർ 15 മുതൽ കേരളത്തിലുടനീളം ശക്തമായ കർഷക പ്രക്ഷോഭങ്ങൾ ആരംഭിക്കുമെന്ന് ദ പീപ്പിളിന്റെ നേതൃത്വം അറിയിച്ചു.

## വർദ്ധിപ്പിച്ച ഭൂനികുതി പിൻവലിക്കുക: ദ പീപ്പിൾ

കോട്ടയം: നിലവിലുള്ളതിൽനിന്നും ആറുമടങ്ങായി വർദ്ധിപ്പിച്ചിരിക്കുന്ന ഭൂമിയുടെ നികുതി അടിയന്തരമായി സർക്കാർ പിൻവലിച്ചില്ലെങ്കിൽ സംസ്ഥാനത്തുടനീളം വില്ലേജോഫീസുകൾ നിശ്ചലമാക്കുന്നതുൾപ്പെടെ സംഘടിതമായി പ്രക്ഷോഭമാരംഭിക്കുമെന്ന് കർഷക പ്രസ്ഥാനങ്ങളുടെ ഐക്യവേദിയായ ദ പീപ്പിൾ.

കാർഷികമേഖലയിൽ വലിയ സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായി തുടരുകയാണ്. സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാൻ കർഷകരുടെമേൽ സാമ്പത്തികഭാരം അടിച്ചേർപ്പിക്കുന്നതിനെ ശക്തമായി എതിർക്കുമെന്നും വരും ദിവസങ്ങളിൽ വർദ്ധിപ്പിച്ച നികുതിയടയ്ക്കാതെ നിസഹകരിക്കേണ്ടി വരുമെന്നും സർക്കാർ അടിയന്തരമായി നിലപാട് വ്യക്തമാക്കണമെന്നും ദ പീപ്പിൾ അഭ്യർത്ഥിച്ചു.



*ദ പീപ്പിളിന്റെ ആഭിമുഖ്യത്തിൽ കോട്ടയം തിരുനക്കര പോലീസ് സ്റ്റേഷൻ മൈതാനിയിൽ ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കലിന്റെ നേതൃത്വത്തിൽ നടന്ന കർഷക ഉപവാസ സമരത്തിന് ചങ്ങനാശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, പാല രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ അഭിവാദ്യമർപ്പിച്ചപ്പോൾ.*



*ദ പീപ്പിളിന്റെ കർഷക ഉപവാസ സമരത്തിന് ഐക്യദാർഢ്യമായി ചങ്ങനാശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പ്രസംഗിക്കുന്നു.*

## കർഷകർ രണ്ടാംതരം പൗരന്മാരല്ല; ഈ മണ്ണിൽ ജീവിക്കുവാൻ അനുവദിക്കണം: മാർ മാത്യു അറയ്ക്കൽ

ഈ നാടിനെ തീറ്റിപ്പോറ്റുന്ന കർഷകമക്കളെ രണ്ടാംതരം പൗരന്മാരായി കാണുന്ന അധികാരകേന്ദ്രങ്ങളുടെ വിരുദ്ധനിലപാടുകളും ധിക്കാരമനോഭാവവും അതിർവരമ്പ് ലംഘിച്ചിരിക്കുകയാണെന്നും ഇത് ഒരു കാരണവശാലും ഇനി അനുവദിക്കില്ലെന്നും ഇൻഫാം ദേശീയരക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ.

ആരെയും എതിർക്കുവാനോ തോല്പിക്കുവാനോ കർഷകർ ആഗ്രഹിക്കുന്നില്ല. പക്ഷേ പിറന്നുവീണ മണ്ണിൽ ജീവിക്കുവാൻ അനുവദിക്കണം. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളുടെയും ജീവനും സ്വത്തിനും സംരക്ഷണമുണ്ടാകണം. കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കണം. അറിവും അക്ഷരജ്ഞാനവുമില്ലാത്തവരെന്നുപറഞ്ഞ് കഴിഞ്ഞ നാളുകളിലേതുപോലെ ഇനിയും കർഷകരെ പറ്റിക്കുവാൻ ആരും ശ്രമിക്കണ്ട. വസ്തുതകൾ മനസിലാക്കുവാനും ശക്തമായി പ്രതികരിക്കാനുമുള്ള ആർജ്ജവവും തന്റേടവും കർഷകനുണ്ട്. കർഷകനിലെ സംഘടനാബോധം ശക്തമായി വളർന്നിരിക്കുന്നുവെന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ദ പീപ്പിളിന്റെ ആഭിമുഖ്യത്തിൽ ഇവിടെ സംഘടിപ്പിച്ചിരിക്കുന്ന ഉപവാസസമരത്തിലെ അനേകായിരങ്ങളുടെ പങ്കാളിത്തം. ഇതൊരു മുന്നറിയിപ്പ് മാത്രമാണ്. കർഷകജനങ്ങളുടെ കണ്ണീരും ദുഃഖവും വേദനയും കണ്ടില്ലെന്നു നടിക്കാനാവില്ല. വലിയ ദുരന്തങ്ങൾ നാടിന്റെ നട്ടെല്ല് തകർക്കുമല്ലോ എന്ന ഭയപ്പാട് എല്ലായിടത്തുമുണ്ട്. അത്ര മാത്രം ദയനീയമാണ് കർഷകരുടെ സ്ഥിതി. അധികാരത്തിലിരിക്കുന്നവരുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും വഴിപാടുസമരങ്ങൾ ആരും മുഖവിലയ്ക്കെടുക്കില്ലെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയണം. ഒട്ടേറെ വാഗ്ദാനങ്ങൾ നമ്മൾ കേട്ടു. എന്തിവിടെ നടപ്പിലായി? വാഗ്ദാനങ്ങൾ നൽകി വഞ്ചിക്കുന്നത് വലിയ ക്രൂരതയാണ്. ബജറ്റിലെ നിർദ്ദേശങ്ങൾ പോലും നടപ്പിലാക്കുന്നതിൽ നാം വിജയിച്ചുവോയെന്ന് ആത്മപരിശോധന നടത്തണം. സംഘടിത ശക്തിക്കുമാത്രമേ ഇന്ന് നാട്ടിൽ നിലനിൽക്കാനാവുകയുള്ളൂ എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളണം. അതോടൊപ്പം പുത്തനൊരു കാർഷിക സംസ്കാരം നാം രൂപപ്പെടുത്തണമെന്നും മാർ അറക്കൽ പറഞ്ഞു.



*ദ പീപ്പിളിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പ്രമുഖ കർഷക പ്രസ്ഥാനങ്ങളുടെ നേതൃസമ്മേളനവും കുട്ടനാടൻ കർഷകസംഗമവും ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു. ഔസേപ്പച്ചൻ ചെറുകാട്, ജോസ് ചുങ്കപ്പുര, ജിമ്മിച്ചൻ നടുച്ചിറ, സി.കെ.മോഹനൻ, അഡ്വ.വി.സി.സെബാസ്റ്റ്യൻ, ജിനറ്റ് മാത്യു, ഫാ.തോമസ് പീലിയാനിക്കൽ, മാർ മാത്യു അറയ്ക്കൽ, ഡിജോ കാപ്പൻ, ജോസ് പുത്തേട്ട്, മുതലാംതോട് മണി, പി.സി.ജോസഫ് എക്സ് എംഎൽഎ, ജാക്സൺ പോളയിൽ എന്നിവർ സമീപം.*

### ദ പീപ്പിളിന് ഐക്യദാഢ്യവുമായി കുട്ടനാട് വികസന സമിതി

# ദ പീപ്പിൾ കർഷക മുന്നേറ്റത്തിൽ ചലനങ്ങൾ സൃഷ്ടിക്കും

## മാർ ജോസഫ് പെരുന്തോട്ടം

കുട്ടനാട്: തീരദേശ, ഇടനാട്, കുട്ടനാട്, മലനാട് മേഖലകളിലെ കർഷക സംഘടനകളുടെ കൂട്ടായ മുന്നേറ്റം വരും നാളുകളിൽ കേരളത്തിൽ ചലനങ്ങൾ സൃഷ്ടിക്കുമെന്നും വിഘടിച്ചു നിൽക്കാതെ സംഘടിത ശക്തിയായി കർഷകർ മാറണമെന്നും ദ പീപ്പിൾ അതിനുള്ള ചാലക ശക്തിയാകട്ടെ എന്നും ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം. ദ പീപ്പിളിന്റെ സംസ്ഥാന കർഷക നേതൃസമ്മേളനവും കുട്ടനാടൻ കർഷക സംഗമവും കുട്ടനാട് വികസന സമിതി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ കർഷകന്റെ നട്ടെല്ലൊടിക്കുന്ന സാഹചര്യം നിലനിൽക്കുമ്പോൾ ദ പീപ്പിൾ കുട്ടനാട്ടിലെ ജനങ്ങൾക്ക് പ്രത്യാശ നൽകും. ഇതിനായി കക്ഷിരാഷ്ട്രിയത്തിനതീതമായി കർഷകർ ഒന്നിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കുട്ടനാടിനെ മനോഹരമാക്കിയതിന്റെ സാഹസികതയും കഠിനാദ്ധ്വാനവും കാണാതെ പോകുന്നത് നിരാശജനകമാണ്. ജീവൻ ബലിയർപ്പിച്ച് കുട്ടനാടിനെ നെല്ലറയാക്കി മാറ്റിയത് സർക്കാരിന്റെ സഹായം തേടിയിട്ടല്ല. കുട്ടനാടിന്റെ പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിന് കുട്ടനാടൻ ജനത പുലർത്തുന്ന ജാഗ്രത അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു. ഇൻഫാം ദേശീയരക്ഷാധികാരിയും കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ്പുമായ മാർ മാത്യു അറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. കുട്ടനാട് വികസന സമിതി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് പീലിയാനിക്കൽ വിഷയാവതരണം നടത്തി. ദ പീപ്പിൾ സംസ്ഥാന കോർഡിനേറ്റർ ഷെവലിയർ അഡ്വ. വി.സി സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. പി.സി ജോസഫ് എക്സ് എംഎൽഎ, സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ മാനേജിംഗ് ട്രസ്റ്റി ഡിജോ കാപ്പൻ, ദേശിയ കർഷകസമാജം പാലക്കാട് സെക്രട്ടറി മുതലാംതോട് മണി, കർഷകവേദി പ്രസിഡന്റ് ജോസ് പൂത്തേട്ട്, ഹൈറേഞ്ച് സംരക്ഷണസമിതി രക്ഷാധികാര സമിതി അംഗം സി.കെ മോഹനൻ, കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സെക്രട്ടറി ജാക്സൺ പോളയിൽ, ഇഎഫ്എൽ പീഡിത കൂട്ടായ്മ സെക്രട്ടറി ഹനീഷ്, പരിയാരം കർഷക സമിതി പ്രസിഡന്റ് ജിനറ്റ് മാത്യു , ഫാ. തോമസ് കുത്തുകല്ലുങ്കൽ, ഔസേപ്പച്ചൻ ചെറുകാട് എന്നിവർ പ്രസംഗിച്ചു. പരിപാടികൾക്ക് ജസ്റ്റിൻ കൊല്ലംപറമ്പിൽ, ജിമ്മിച്ചൻ നടിച്ചിറ, ജോസ് ചുങ്കപ്പുര, ജോണിച്ചൻ മണലിൽ, തൊമ്മിക്കുഞ്ഞ് മുട്ടാർ, ജോപ്പൻ ജോയി വാരിക്കാട്, ബാബു വടക്കേക്കളം എന്നിവർ നേതൃത്വം നൽകി. സമ്മേളനത്തിൽ നൂറ് കണക്കിന് കർഷകർ പങ്കെടുത്തു. കുട്ടനാട് പാക്കേജ് അടിയന്തിരമായി പുനർജീവിപ്പിച്ച് കാർഷികമേഖലയെ സംരക്ഷിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ അടിയന്തിരമായി ഇടപെടണമെന്നും കർഷകരുടെ നെല്ലിന്റെ വില രണ്ടാഴ്ച്ചയ്ക്കകം നൽകണമെന്നും നെല്ലുവില വൈകിയാൽ ശക്തമായ സമരപരിപാടികളുമായി ദ പീപ്പിൾ കർഷക ഐക്യവേദി രംഗത്തു വരുമെന്നും സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയം സർക്കാരിനോട് ആവശ്യപ്പെട്ടു.



*ദ പീപ്പിളിന്റെ കർഷക അവകാശപ്രഖ്യാപന കരടുരേഖ കോട്ടയം തിരുനക്കര പോലീസ് സ്റ്റേഷൻ ഗ്രൗണ്ടിൽ നടന്ന കർഷക ഉപവാസസമരത്തോടനുബന്ധിച്ച് പാല രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആലുവ ഹൈന്ദവസേവാശ്രമ മഠാധിപതി സ്വാമി പുരാനന്ദയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു. ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, മുൻ എംഎൽഎ പി.സി.ജോസഫ്, ജോസ് വെട്ടം, ജോസ് പുത്തേട്ട്, മാർ മാത്യു അറയ്ക്കൽ, വിജയപുരം രൂപത ബിഷപ് മാർ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ, ജോസ് എടപ്പാട്ട്, മുൻ എംപി തോമസ് കുതിരവട്ടം, സി.കെ.മോഹനൻ, വി.ജെ.ലാലി എന്നിവർ സമീപം.*

**എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).**

# ബീഹാറിൽ ഒരു കർഷകൻകൂടി ജീവനൊടുക്കി

പാറ്റ്ന: ബിഹാറിൽ ഒരു കർഷകൻകൂടി ജീവനൊടുക്കി. കൗശാൽ കിഷോർ എന്ന കർഷകനാണു ജീവനൊടുക്കിയത്. കാർഷിക പ്രതിസന്ധിയെത്തുടർന്നു കഴിഞ്ഞ ദിവസങ്ങളിൽ വിവിധ ജില്ലകളിലായി മൂന്നുപേർ ജീവനൊടുക്കിയിരുന്നു. കൗശാലിന്റെ ആത്മഹത്യയെത്തുടർന്നു നിരവധി കർഷകർ പ്രതിഷേധവുമായി രംഗത്തിറങ്ങി. പാറ്റ്ന-അരുണംഗാബാദ് റോഡ് ഉപരോധിച്ച കർഷകർ കാർഷിക പ്രതിസന്ധിയിൽ മുഖ്യമന്ത്രി ഇടപെടണമെന്നാവശ്യപ്പെട്ടു.

# കാർഷികകടങ്ങൾക്കുള്ള മൊറട്ടോറിയം ദീർഘിപ്പിക്കണം: ഇൻഫാം ദേശീയ സമിതി

കൊച്ചി: കാർഷിക മേഖലയിലെ പ്രതിസന്ധി അനുദിനം രൂക്ഷമാകുന്ന സാഹചര്യത്തിൽ കർഷകരുടെ പേരിൽ ബാങ്കുകാർ എടുത്തു വരുന്ന എല്ലാ ജപ്തി ലേല നടപടികളും നിർത്തിവയ്ക്കാൻ കേരള സർക്കാർ തയ്യാറാകണമെന്ന് ഇൻഫാം ദേശീയ സമിതി സർക്കാരിനോടാവശ്യപ്പെട്ടു. ഈ സീസണിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് നൽകിയ കർഷകർക്ക് മാസങ്ങൾ കഴിഞ്ഞിട്ടും വില ലഭിക്കാത്ത അവസ്ഥയാണ്. കേന്ദ്രത്തിന്റെയും കേരളത്തിന്റെയും നെല്ലിന്റെ സംഭരണവിലകൾ തമ്മിലുള്ള അന്തരം ഇപ്പോഴും തുടരുന്നു. നെല്ലിന്റെ സംഭരണവിലയായി കിലോഗ്രാമിന് 19/ രൂപ തന്നെ നൽകുമെന്ന് കേരള സർക്കാർ പറയുന്നുണ്ടെങ്കിലും അതിന്റെ നൂലാമാലകൾ അതിജീവിക്കാനായിട്ടില്ല. പാമോയിലിന്റെയും വെളിച്ചെണ്ണയുടെയും ഇറക്കുമതി വർദ്ധിച്ചതോടെ നാളികേരത്തിന്റെ വിലയും ഇടിഞ്ഞുകൊണ്ടിരിക്കുന്നു.

കാർഷിക മേഖലയിലെ പ്രതിസന്ധികൾ രൂക്ഷമായ സാഹചര്യത്തിലാണ് കേരള സർക്കാർ 2013 ഫെബ്രുവരി 15ന് കാർഷിക കടങ്ങൾക്കുള്ള മൊറട്ടോറിയം പ്രഖ്യാപിച്ചത്. 2014 മെയ് 30ന് അവസാനിച്ച മൊറട്ടോറിയത്തിന്റെ കാലാവധി പിന്നീട് 2015 ഫെബ്രുവരി 15വരെ ദീർഘിപ്പിക്കുകയുണ്ടായി. എന്നാൽ ഈ ഉത്തരവിന്റെയും കാലാവധി കഴിഞ്ഞതുമൂലം ബാങ്കുകാർ കർഷകരുടെ പേരിൽ വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കാർഷികോല്പന്നങ്ങൾക്കുള്ള വിലത്തകർച്ച ഒരു ഭാഗത്ത് തുടരുമ്പോൾ മറുഭാഗത്ത് കഠിനാധ്വാനം ചെയ്ത് ഉണ്ടാക്കിയ ഉല്പന്നത്തിന് വില ലഭിക്കാത്ത അവസ്ഥ തുടരുകയും ചെയ്യുന്നു. ചുരുക്കത്തിൽ കർഷകർ ചെകുത്താനും കടലിനും നടുക്കാണ്, ഈ സാഹചര്യത്തിൽ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കാൻ മൊറട്ടോറിയത്തിന്റെ കാലാവധി ഒരു വർഷത്തേയ്ക്കുകൂടി നീട്ടുവാൻ കേരള സർക്കാർ തയ്യാറാകണമെന്ന് ഇൻഫാം ദേശീയ സമിതി ആവശ്യപ്പെട്ടു.

# കർഷക രജിസ്ട്രേഷൻ അട്ടിമറിക്കാൻ ഗൂഢാലോചന നടക്കുന്നു

കൊച്ചി: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കർഷക ആനുകൂല്യങ്ങൾക്കും സബ്സിഡികൾക്കും സംസ്ഥാനത്തെ കർഷകരെ യോഗ്യരാക്കുന്ന കർഷക രജിസ്ട്രേഷൻ നടപടികൾ അട്ടിമറിക്കുവാൻ സംസ്ഥാന കൃഷിവകുപ്പും ഉദ്യോഗസ്ഥ ലോബികളും ഉൾക്കൊള്ളുന്ന സർക്കാർ സംവിധാനങ്ങൾ ഗൂഢാലോചന നടത്തുകയാണെന്നും കർഷക രജിസ്ട്രേഷന്റെ നടപടികൾ സുതാര്യമാക്കുവാനും പരമാവധി കർഷകർക്ക് ഗുണം ലഭിക്കുവാനുള്ള സത്വര നടപടികൾ സർക്കാർ അടിയന്തരമായി കൈക്കൊള്ളണമെന്നും ഇൻഫാം ദേശീയസമിതി ആവശ്യപ്പെട്ടു.

കർഷക രജിസ്ട്രേഷൻ അട്ടിമറിക്കപ്പെട്ടിരിക്കുന്നത് അന്വേഷണവിധേയമാക്കണം.. ഉദ്യോഗസ്ഥരുടെ ഇഷ്ടക്കാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന നാഥനില്ലാക്കളരിയായി കൃഷിഭവനുകൾ അധഃപതിച്ചിരിക്കുകയാണ്. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് വൻ സാമ്പത്തിക തട്ടിപ്പുകളും അഴിമതികളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. കർഷകർക്ക് അവകാശപ്പെട്ട ഒട്ടേറെ പദ്ധതിവിഹിതങ്ങൾ വഴിമാറി ചെലവുചെയ്യപ്പെടുന്നുവെന്ന ആക്ഷേപം വർദ്ധിച്ചുവരികയുമാണ്. പരമാവധി കർഷകരെ എങ്ങനെ കർഷക രജിസ്ട്രേഷൻ പ്രക്രിയയിൽ നിന്ന് ഒഴിവാക്കാമെന്നാണ് കൃഷിവകുപ്പിന്റെ വിചിത്രമായ നിലപാട്.

2012ലാണ് സർക്കാർ കർഷക രജിസ്ട്രേഷൻ ആരംഭിച്ചത്. ഇതിനോടകം യഥാർത്ഥ കർഷകരുടെ 20 ശതമാനത്തിനുപോലും രജിസ്ട്രേഷന് അവസരമുണ്ടായിട്ടില്ല. കർഷകരജിസ്ട്രേഷനുകൾ അക്ഷയസെന്ററുകളിൽക്കൂടി നടപ്പിലാക്കുന്നത് പ്രായോഗികമല്ല. സർക്കാർ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനമില്ലായ്മ കർഷകരജിസ്ട്രേഷന് തടസ്സം നിൽക്കുകയാണെന്നും രജിസ്ട്രേഷൻ നടപടികൾക്ക് സമയപരിധി നിശ്ചയിക്കുന്നതിൽ ന്യായീകരണമില്ലെന്നും ഇൻഫാം ദേശീയസമിതി പറഞ്ഞു.

# കർഷകർ കൃഷിനാശംമൂലം ആത്മഹത്യ ചെയ്യുമ്പോൾ മംഗോളിയക്ക് 6300 കോടി നൽകുന്നതെന്തിന്? പ്രധാനമന്ത്രി നരേന്ദ്ര മോദിയെ രൂക്ഷമായ ഭാഷയിൽ വിമർശിച്ച് ശിവസേന




മുംബൈ: വിദേശ സന്ദർശനത്തിനിടെ മംഗോളിയയ്ക്ക് 100 കോടി ഡോളറിന്റെ ധനസഹായം പ്രഖ്യാപിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നടപടിയെ രൂക്ഷമായി വിമർശിച്ച് ഭരണത്തിലെ സഖ്യകക്ഷിയായ ശിവസേന രംഗത്തെത്തി. പാർട്ടിയുടെ മുഖപത്രമായ സാമ്നയിലൂടെയാണ് ശിവസേന മോദിയെ വിമർശിച്ച് രംഗത്തെത്തിയത്. കർഷകരുടെ വിഷയത്തെ ചൂണ്ടിയാണ് മോദിയെ വിമർശിച്ച് ശിവസേന രംഗത്തെത്തിയത് എന്നതിനാൽ വിഷയം കോൺഗ്രസിനുമുള്ള പിടിവള്ളിയായി. മഹാരാഷ്ട്രയിൽ കൃഷിനാശം മൂലം കർഷകർ കൂട്ട ആത്മഹത്യ ചെയ്യുമ്പോൾ പ്രധാനമന്ത്രി അവരെ സഹായിക്കാതെ മംഗോളിയക്ക് വൻതുക സഹായം നൽകുകയാണെന്ന് ശിവസേന ആരോപിച്ചു. ഇത്രയും പണമുണ്ടെങ്കിൽ കർഷകരുടെ കണ്ണീരൊപ്പാമായിരുന്നുവെന്നും ശിവസേന വിമർശിച്ചു.

മംഗോളിയയോട് കാണിച്ച മഹാമനസ്കത പ്രധാനമന്ത്രി മഹാരാഷ്ട്രയിലെ കർഷകരോടും ജൈതാപ്പൂർ ആണവനിലയം കാരണം കുടിയൊഴിപ്പിക്കപ്പെട്ട കൊങ്കൺ പ്രദേശവാസികളോടും കാണിക്കണം. കർഷകരുടെ പ്രശ്നത്തിൽ കേന്ദ്രം ഉടൻ പരിഹാരം കാണണമെന്നും ശിവസേന കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

മഴക്കെടുതിയും വരൾച്ചയും മൂലം കൃഷി നശിച്ച കർഷകർ സർക്കാരിൽ നിന്നുള്ള സഹായവും കാത്ത് കഴിയുകയാണ്. മംഗോളിയയിലെ ജനങ്ങൾ മഹാരാഷ്ട്രയിലെ ജനങ്ങളേക്കാൾ വരുമാനമുള്ളവരാണെന്നും മുഖപ്രസംഗം ചൂണ്ടിക്കാട്ടുന്നു. മംഗോളിയയുടെ അടിസ്ഥാന സൗകര്യവികസനത്തിന് 100 കോടി ഡോളർ (6380 കോടി രൂപ) നൽകുമെന്ന് മംഗോളിയ സന്ദർശനത്തിനിടെ മോദി പ്രഖ്യാപിച്ചിരുന്നു. തന്റെ മൂന്ന് ദിവസത്തെ വിദേശ പര്യടനത്തിന്റെ ഭാഗമായി രണ്ടാം ദിവസമാണ് മോദി മംഗോളിയ സന്ദർശിച്ചത്.

വിദേശ രാജ്യങ്ങൾ ചുറ്റിക്കറങ്ങിയുള്ള പ്രധാനമന്ത്രിയുടെ നീക്കത്തിൽ പ്രതിപക്ഷത്തുനിന്നും സ്വന്തം പാർട്ടിയിൽ നിന്നും വിമർശനം ഉയരുന്ന പശ്ചാത്തലത്തിലാണ് ശിവസേനയും വിമർശനവുമായി രംഗത്തെത്തിയത്.

# ഐഎസിന്റെ ക്രൂരത സ്ത്രീകളോടും; ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവിട്ട് യുഎൻ

ലണ്ടൻ: ഐഎസ് ഭീകരർക്കായി യുവതിയുടെ കന്യകാത്വം പുനഃസ്ഥാപിച്ചത് ഇരുപതു തവണ. ലൈംഗിക അടിമയായി പാർപ്പിച്ച കന്യകയ്ക്കാണ് ശസ്ത്രക്രീയയിലൂടെ ഇരുപതു തവണ കന്യകാത്വം പുനഃസ്ഥാപിച്ചത്. ഇരുപത് ഐഎസ് ഭീകരർക്കു വിവാഹം കഴിച്ചു കൊടുക്കാനാണ് യുവതിയെ ഇത്തരത്തിൽ ശസ്ത്രക്രിയയ്ക്കു വിധേയയാക്കിയതെന്നാണ് ഐക്യരാഷ്ട്ര സഭയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നത്.

ഐഎസിന്റെ ഭീകരതകൾ അന്വേഷിക്കുന്ന ഐക്യരാഷ്ട്രസഭാ സംഘത്തിന്റെ അന്വേഷണത്തിലാണ് ഇക്കാര്യം വെളിപ്പെട്ടത്. ഐഎസ് ഭീകരരുടെ ലൈംഗിക ക്രൂരതകൾക്കിരകളായ നിരവധി സ്ത്രീകളിൽ നിന്ന് തെളി



വെടുത്തപ്പോഴാണ് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നത്. നിരവധി സ്ത്രീകളെ ഐഎസ് ഭീകരരുടെ ലൈംഗികാവശ്യങ്ങൾക്കായി സിറിയയിലും ഇറാക്കിലും അടിമകളായി പാർപ്പിച്ചിട്ടുണ്ടെന്നാണ് യുഎന്നിന്റെ കണ്ടെത്തൽ. ഐഎസുകാർ തട്ടിക്കൊണ്ടു പോയി താവളങ്ങളിൽ വച്ച് ക്രൂരമായി ബലാത്സംഗത്തിന് ഇരയാക്കിയിട്ടുള്ളവരിൽ അഞ്ചു വയസുള്ള പെൺകുട്ടികൾ പോലുമുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. കൗമാരപ്രായമുള്ള നിരവധി പേരെയും ഇവർ ലൈംഗിക അടിമകളാക്കിയിട്ടുണ്ട്. ലൈംഗിക വൈകൃതങ്ങൾക്കും ഐഎസ് താവളങ്ങളിൽ സ്ത്രീകൾ ഇരകളാകുന്നുണ്ട്. ഗർഭം ധരിച്ചാൽ പല സ്ത്രീകളെയും താവളത്തിൽ നിന്നു പുറത്താക്കുകയും ചെയ്യും. എന്നാൽ വീട്ടിൽ മടങ്ങിയെത്തുന്ന അവരെ സ്വീകരിക്കാതിരിക്കുന്ന അവസ്ഥവരെ ഉണ്ടായിട്ടുണ്ട്.

## അടിമകളാക്കിയ യസീദി സ്ത്രീകളെ ഐസിസ് നഗ്നരാക്കി പീഡിപ്പിച്ച് ലേലം വിളിച്ച് വിൽക്കുന്നതായി മാധ്യമങ്ങൾ

എല്ലാ മതങ്ങളും ഔദ്യോഗികമായി പാടിപ്പുകഴ്ത്തുന്നത് തികഞ്ഞ മനുഷ്യസ്നേഹമാണ്. അപ്പോൾപിന്നെ മതത്തിന്റെ പേരിൽ ഐസിസ് നടത്തുന്ന നെറികേടുകൾ മാത്രം നിറഞ്ഞ പോരാട്ടത്തിനെ ന്യായീകരിക്കുന്നതെങ്ങനെ? മതത്തിന്റെ പേരിൽ അവർ മനുഷ്യരെ ക്രൂരമായി കൊലപ്പെടുത്തുന്നതും മനുഷ്യരായി പിറന്നവർക്ക് ചേർന്നതല്ലെന്നുറപ്പാണ്. ഇപ്പോഴിതാ ഐസിസ് സിറിയയിലെ റാഖയിൽ നിന്ന് അടിമകളാക്കി പിടിച്ച യസീദി സ്ത്രീകളെ നഗ്നരാക്കി പീഡിപ്പിച്ചിരിക്കുകയാണ്. പോരാത്തതിന് അവരെ ലേലം വിളിക്കുകയും ചെയ്തിരിക്കുന്നുവെന്നാണ് പാശ്ചാത്യ മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തിരിക്കുന്നത്. ഇവരെ ലൈംഗിക വസ്തുക്കളെന്ന നിലയിൽ ഐസിസ് റാഖയിൽ ലേലം വിളിക്കുന്നുവെന്നാണ് ലൈംഗിക ആക്രമത്തെക്കുറിച്ച് അന്വേഷിക്കുന്ന ഐക്യരാഷ്ട്രസംഘടനയുടെ പ്രത്യേക പ്രതിനിധി സൈനബ് ബാൻഗുര സാക്ഷ്യപ്പെടുത്തുന്നത്. ഇവിടുത്തെ ഗ്രാമങ്ങളിലേയ്ക്ക് ആക്രമിച്ചു കയറുന്ന ഐസിസ് പെൺകുട്ടികളെ പിടിച്ച് നഗ്നരാക്കി കന്യകാത്വപരിശോധന നടത്തി ലേലച്ചന്തയിലേയ്ക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നതെന്നും ബാൻഗുര വെളിപ്പെടുത്തുന്നു. ഇറാഖിലെയും സിറിയയിലെയും സ്ത്രീകളോട് പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗമായ യസീദിസ്ത്രീകളോട് ഐസിസ് ക്രൂരമായ അക്രമണമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അവർ റിപ്പോർട്ടു ചെയ്യുന്നുണ്ട്.

## സമീപ നഗരങ്ങൾ പിടിച്ച് ഐസിസിന്റെ മുന്നേറ്റം; ചാരന്മാരെ കൊന്ന് പാലത്തിൽ കെട്ടിത്തൂക്കുന്നു;

ബാഗ്ദാദ്: ബാഗ്ദാദിനെ ലക്ഷ്യം വെച്ചുള്ള ഐസിസിന്റെ പ്രയാണം തികച്ചും പൈശാചികമായിത്തീരുകയാണെന്നാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ബാഗ്ദാദിനടുത്തുള്ള നഗരങ്ങൾ തങ്ങളുടെ കൈപ്പിടിയിലാക്കിക്കൊണ്ട് ഇസ്ലാമിക് ഭീകരർ മുന്നേറ്റം തുടരുന്ന സ്ഥിതിയാണ് ഇപ്പോഴുമുള്ളത്. തങ്ങൾക്കെതിരെ ഒരു ചെറുവിരൽ അനക്കുന്നവരെപ്പോലും കൊന്ന് കൊലവിളിക്കുന്ന നയമാണിവർ സ്വീകരിക്കുന്നത്. തങ്ങൾക്കെതിരെ ചാരപ്രവർത്തനം നടത്തിയെന്ന സംശയിക്കുന്നവരെ അതിക്രൂരമായി കൊലപ്പെടുത്തി പാലത്തിൽ കെട്ടിത്തൂക്കിയ ചിത്രങ്ങൾ ഇവർ പുറത്തുവിട്ടിട്ടുണ്ട്. നിരപരാധികളെ കൊന്നൊടുക്കി ബാഗ്ദാദിനോടടുത്തുകൊണ്ടിരിക്കുന്ന ഐസിസിന് ഇറാഖ് തലസ്ഥാനത്തെത്താൻ ഒരു മണിക്കൂർ സഞ്ചരിക്കേണ്ട ദൂരമേയുള്ളൂ.

## പൽമീറയിൽ ഐഎസ് ഭീകരരുടെ കൂട്ടക്കുരുതി; 700 പേരെ വധിച്ചു

ബെയ്റൂട്ട്: സിറിയയിലെ പുരാതന നഗരമായ പൽമീറയിൽ ഇസ്ലാമിക് സ്റ്റേറ്റ് (ഐഎസ്) ഭീകരരുടെ കൂട്ടക്കുരുതി. സിറിയൻ സൈന്യത്തെ തുരത്തിയോടിച്ചു പൽമീറ പിടിച്ചടക്കിയ ഭീകരർ ജനങ്ങളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുകയാണ്. പൽമീറ പിടിച്ചടക്കി രണ്ടു ദിവസത്തിനുള്ളിൽ 300 സൈനികരെ കൊന്നൊടുക്കിയ ഭീകരർ നിരപരാധികളായ നാനൂറിലേറെപ്പേരെ ശിരച്ഛേദം ചെയ്തു. ഇതോടെ പൽമീറയിൽ കൊല്ലപ്പെട്ടവരുടെ സംഖ്യ 700 കവിഞ്ഞു. വധിക്കപ്പെട്ട നാട്ടുകാരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമാണ്.

ഐഎസ് ഭീകരർ പൽമീറയിൽ കടന്നതിനെത്തുടർന്ന് നൂറുകണക്കിനാളുകളുടെ മൃതദേഹങ്ങൾ തെരുവീഥികളിൽ ചിതറിക്കിടക്കുന്നതായി ഐഎസ് വിരുദ്ധ വിഭാഗത്തിന്റെ അറിയിപ്പിൽ പറയുന്നു. സാമൂഹ്യമാധ്യമങ്ങളിൽ ഇതിന്റെ വീഡിയോയും അവർ നൽകിയിട്ടുണ്ട്.

ഗവൺമെന്റിന്റെ മുൻ സൈനിക തലവൻ ലോഡ് ദനാത്തും കൂട്ടക്കുരുതി സംബന്ധിച്ചു സർക്കാരിനു വിവരം നൽകിയിട്ടുണ്ട്. വ്യോമാക്രമണം പരാജയമാണെന്നും ഐഎസിന്റെ മുന്നേറ്റം ചെറുക്കാൻ കരസേനയെ നിയോഗിക്കുകയാണ് ഉചിതമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതിദയനീയമായ കാഴ്ചയാണു പൽമീറയിൽ. സമാധാനചർച്ച അസാധ്യമായ സാഹചര്യത്തിൽ യുദ്ധമുന്നണിയിലേക്ക് അത്യന്തം കരുത്തുള്ള ബൂട്ടുകൾ (കരസേന) എത്തിക്കേണ്ട അനിവാര്യമായ സ്ഥിതിയാണിപ്പോഴെന്ന് മുൻ സൈനിക തലവൻ സർക്കാരിനെ ഓർമിപ്പിച്ചു. നൂറുകണക്കിനാളുകളെ നിർദയം കൊന്നു തള്ളുമ്പോഴും ഐഎസ് ഭീകരർ ഉച്ചഭാഷിണിയിലൂടെ ബാക്കിയുള്ളവരെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു.

വീടുകളിലോ സ്ഥാപനങ്ങളിലോ സർക്കാർ അനുകൂല വ്യക്തികളെയോ സർക്കാർ സേനാംഗങ്ങളെയോ ഒളിപ്പിക്കരുതെന്നും പിടിക്കപ്പെട്ടാൽ തെരുവിൽ വധിക്കപ്പെട്ടവരുടെ സ്ഥിതിയാവും ഇങ്ങനെയുള്ളവർക്ക് സംഭവിക്കുകയെന്നും വിളിച്ചുപറയുന്നുണ്ട്. നഗരത്തിലുള്ള വീടുകളിലെല്ലാം അവർ അരിച്ചുപെറുക്കി പരിശോധന നടത്തിവരുകയാണ്.

യുനെസ്കോയുടെ പൈതൃകപട്ടികയിലുള്ള പുരാതന നഗരമായ പൽമീറയിലെ ചരിത്രസ്മാരകങ്ങളിന്മേൽ ഐഎസ് ക്രൂരതയുടെ പ്രതീകമെന്നോണം കറുത്ത പതാക ഉയർത്തിയിട്ടുണ്ട്. റോമാ സാമ്രാജ്യ കാലഘട്ടം മുതൽ നിലനിൽക്കുന്ന പ്രസിദ്ധമായ ക്ഷേത്രങ്ങൾ, നാടകശാലകൾ, നൂറ്റാണ്ടുകൾക്കു മുമ്പു നിർമിച്ച വൻമന്ദിരങ്ങളുടെ കൂറ്റൻ സ്തൂപങ്ങൾ തുടങ്ങി നിരവധി ചരിത്രസ്മാരകങ്ങൾകൊണ്ടു പ്രസിദ്ധമായിരുന്നു പൽമീറ. ഈ ചരിത്രസ്മാരകങ്ങളെല്ലാം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കുമെന്നാണ് ഐഎസ് ഭീകരരുടെ പ്രഖ്യാപനം.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

53

## സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച).......

### അദ്ധ്യായം 3
### കത്തോലിക്കാ സഭയിൽ നിന്ന് വേർപെട്ട സഭകളും സഭാ സമൂഹങ്ങളും

ക്രിസ്തുവിന്റെ തുന്നലില്ലാത്ത വസ്ത്രത്തെ വിഭജിക്കാൻ കാരണമാക്കിയ രണ്ടുപ്രധാന ഭിന്നതകളിലേയ്ക്ക് ഞങ്ങളുടെ ശ്രദ്ധ തിരിക്കുന്നു. അവയിൽ ഒന്നാമത്തേത് പൗരസ്ത്യദേശങ്ങളിൽ എഫേസൂസിലെയും കൽക്കദോനിയായിലെയും വിശ്വാസപ്രമാണങ്ങൾ വെല്ലുവിളിക്കപ്പെടുകയും ചെയ്തപ്പോഴോ പിൽകാലത്ത് റോമാ സഭയും കിഴക്കൻ പാത്രിയർക്കീസുമാരും തമ്മിലുള്ള സഭാപരമായ ഐക്യം ശിഥിലമായപ്പോഴോ സംഭവിച്ചു.

രണ്ടാമത്തേത് നാലു നൂറ്റാണ്ടുകൾക്കുശേഷം നവീകരണം (Reformation) എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന സംഭവപരമ്പരകളിൽ നിന്ന് പാശ്ചാത്യദേശങ്ങളിൽ ഉത്ഭവിച്ചു. ഇതിന്റെ ഫലമായി ദേശീയാടിസ്ഥാനത്തിലോ വിശ്വാസാചാരങ്ങളുടെ അടിസ്ഥാനത്തിലോ അനവധി സമൂഹങ്ങൾ റോമാ സഭയിൽ നിന്ന് അടർന്നുപോയി. ഭാഗികമായിട്ടാണെങ്കിലും ഈ സമൂഹങ്ങളിൽ കത്തോലിക്കാ പാരമ്പര്യങ്ങളും നിയമാനുഷ്ഠാനങ്ങളും നിലനിന്നുപോരുന്നുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകം എടുത്തുപറയേണ്ട ഒരു ഘടകമാണ് ആംഗ്ലിക്കൻ സഭ.

ഈ വിവിധ സമൂഹങ്ങൾ പരസ്പരം കാര്യമായി വ്യത്യാസപ്പെട്ടിരുന്നത് അവയുടെ ഉത്ഭവം, സ്ഥലം, കാലം മുതലായവയിലുള്ള വൈവിധ്യത്തിലെന്നതിനേക്കാൾ കൂടുതലായി വിശ്വാസം, സഭാഘടന മുതലായ ഗുരുതരവിഷയങ്ങളിലാണ്.

അതിനാൽ വിവിധ ക്രൈസ്തവ വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ നിസ്സാരങ്ങളായി കരുതാതെയും, വിഭജിക്കപ്പെട്ടവയെങ്കിലും അവ തമ്മിൽ അവശേഷിച്ചിരിക്കുന്ന ബന്ധത്തെ അവഗണിക്കാതെയും ഈ കൗൺസിൽ താഴെ വരുന്ന കാര്യങ്ങൾ എക്യുമെനിക്കൽ പ്രവർത്തനത്തിന്റെ വിവേകപൂർവ്വമായ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

### പൗരസ്ത്യ സഭകളുടെ പ്രത്യേക സ്ഥാനം

**14. ചരിത്രവും മനോഭാവവും**–പാശ്ചാത്യ പൗരസ്ത്യസഭകൾ വിശ്വാസത്തിലും കൗദാശിക ജീവിതത്തിലും ഭ്രാതൃസഹജമായ ഐക്യത്തിലാണ് വർത്തിച്ചിരുന്നതെങ്കിലും അനേകം നൂറ്റാണ്ടുകളായി സ്വകീയമായ ജീവിതമാർഗ്ഗങ്ങളാണ് അവലംബിച്ചു പോന്നിട്ടുള്ളത്. അഭിപ്രായഭിന്നതകൾ ആവിർഭവിച്ചപ്പോഴെല്ലാം റോമാസഭ പൊതുവിൽ ആംഗീകൃതമായ ഒരു നിയന്ത്രകയായി വർത്തിച്ചു.



ശ്ലീഹന്മാരിൽനിന്നു ലഭിച്ച അവകാശം ഏറ്റുവാങ്ങിയത് വിവിധ രീതിയിലും രൂപങ്ങളിലുമായിരുന്നു. തത്ഫലമായി തുടക്കത്തിലേതന്നെ വിവിധ സ്ഥലങ്ങളിൽ അത് ഭിന്ന രീതിയിലാണ് വികാസം പ്രാപിച്ചത്. മനുഷ്യചിന്താഗതികളുടെ വൈരുദ്ധ്യങ്ങളും ജീവിതത്തിന്റെ വൈവിധ്യങ്ങളുമായിരുന്നു ഇതിനു കാരണം.

അനവധി പ്രാദേശികസഭകൾ അടങ്ങിയതാണ് കിഴക്കൻ സഭ. ഇവയിൽ പേട്രിയാർക്കൽ സഭകൾ പ്രഥമ സ്ഥാനമർഹിക്കുന്നു. ശ്ലീഹന്മാരിൽ നിന്നുതന്നെ അസ്തിത്വം സ്വീകരിച്ചുവെന്നഭിമാനം കൊള്ളുന്ന സഭകൾ ഇവയിൽ വളരെയാണ്. സഹോദരികളെന്ന നിലയ്ക്ക് പ്രാദേശിക സഭകളിൽ നിലവിലിരിക്കുന്ന പൊതുവായ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ബന്ധം സംരക്ഷിച്ചുകൊണ്ടു പോകണമെന്നുള്ളതിലായിരുന്നു കിഴക്കൻ സഭകളുടെ പ്രധാന ശ്രദ്ധയും താല്പര്യവും. ഇപ്പോഴും ഈ സ്ഥിതിക്ക് മാറ്റമില്ല. മറ്റുപലതിലും വച്ച് അതിപ്രധാനമായ ഈ വസ്തുത പ.സൂനഹദോസ് സന്തോഷപൂർവ്വം അനുസ്മരിക്കുന്നു.

തുടക്കം മുതലേ പൗരസ്ത്യ സഭകൾക്ക് ഒരു ഭണ്ഡാഗാരം ഉണ്ടായിരുന്നു. അതിൽ നിന്നാണ് പാശ്ചാത്യസഭ ആരാധനക്രമവും അദ്ധ്യാത്മികപാരമ്പര്യവും നിയമവും ഗണ്യമായ തോതിൽ പകർന്നെടുത്തത്. ഇക്കാര്യം വിസ്മരിക്കപ്പെടാവുന്നതല്ല. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങളായ പരിശുദ്ധ ത്രിത്വം, കന്യാമറിയത്തിൽ നിന്നു മാംസം ധരിച്ച ദൈവവചനം ഇവ അദ്ധ്യവസാനം ചെയ്തത് കിഴക്കൻ എക്യുമെനിക്കൽ കൗൺസിലുകളാണെന്ന വസ്തുത അവഗണിക്കപ്പെടാവുന്നതല്ല. ഈ വിശ്വാസം സംരക്ഷിക്കാൻവേണ്ടി ഈ സഭകൾ വളരെ യാതനകൾ സഹിച്ചു; ഇന്നും സഹിക്കുന്നു.

ശ്ലീഹന്മാരിൽനിന്നു ലഭിച്ച അവകാശം ഏറ്റുവാങ്ങിയത് വിവിധ രീതിയിലും രൂപങ്ങളിലുമായിരുന്നു. തത്ഫലമായി തുടക്കത്തിലേതന്നെ വിവിധ സ്ഥലങ്ങളിൽ അത് ഭിന്ന രീതിയിലാണ് വികാസം പ്രാപിച്ചത്. മനുഷ്യചിന്താഗതികളുടെ വൈരുദ്ധ്യങ്ങളും ജീവിതത്തിന്റെ വൈവിധ്യങ്ങളുമായിരുന്നു ഇതിനു കാരണം. ഇവയും ഇവയ്ക്കു പുറമെയുള്ള ബാഹ്യസാഹചര്യങ്ങളും സ്നേഹരാഹിത്യവും പരസ്പര ധാരണയുടെ അഭാവവും വിഭജനത്തിനു വഴിതെളിച്ചു.

കിഴക്കൻ സഭകളുടെ ഉത്ഭവത്തിലും വളർച്ചയിലും ഉള്ള പ്രത്യേകതകളും വേർപാടിനു മുമ്പ് റോമൻ സഭയുമായുണ്ടായിരുന്ന വേഴ്ചകളും പ്രത്യേകം പരിഗണിക്കണമെന്ന് എല്ലാവരേയും പ്രത്യേകിച്ച് പൗരസ്ത്യസഭകളും കത്തോലിക്കാസഭയും തമ്മിൽ നാം വളരെ ആഗ്രഹിക്കുന്ന ആപൂർണ്ണമായ ഐക്യപ്രാപ്തിക്കായി തങ്ങളുടെ ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ദൃഢവ്രതമെടുത്തിട്ടുള്ളവരേയും ഈ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു. ഇവയെല്ലാം ശരിയായി വിലയിരുത്തുകയും വേണം. അപ്പോൾ നാം പ്രതീക്ഷിക്കുന്ന വിധത്തിലുള്ള ഒരു ഡയലോഗിന് അനുകൂലമായ പശ്ചാത്തലം സൃഷ്ടിക്കാൻ അവ വളരെയധികം സഹായിക്കുകതന്നെ ചെയ്യും.

(തുടരും)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

# പ്രാർത്ഥനാധിഷ്ഠിത ജീവിതം



9

**(കഴിഞ്ഞ ലക്കം തുടർച്ച)**

വാസ്തവത്തിൽ നമ്മുടെ ജീവിത്തിൽ നമുക്കാവശ്യമായിരിക്കുന്നതു പരിശുദ്ധാത്മാവല്ലേ? അവിടുന്നു നമ്മളോടൊപ്പമുണ്ടെങ്കിൽ നമുക്കെന്തിന്റെയെങ്കിലും കുറവുണ്ടാകുമോ? നാം നമ്മുടെ ഹൃദയവും മനസ്സും സ്വർഗത്തിലേയ്ക്കുയർത്തുന്ന ഓരോ നിമിഷവും പരിശുദ്ധാത്മാവ് നമ്മിലേക്കു കടന്നു വന്നു നമ്മെ ശക്തിപ്പെടുത്തുന്നു. അതായത് നമ്മുടെ ഒരു പ്രാർത്ഥനയും ഉത്തരമില്ലാതെ പോകുന്നില്ല എന്നു വ്യക്തം.

53. പൗലോസിന്റെ പ്രാർത്ഥനയ്ക്കു യേശു നല്കിയ ഉത്തരം ഈ വസ്തുതയല്ലേ വ്യക്തമാക്കുന്നത്? പൗലോസിന്റെ ജീവിതത്തിൽ അദ്ദേഹത്തെ ഏറെ ബുദ്ധിമുട്ടിച്ചിരുന്ന എന്തോ ഒരു പ്രശ്നമുണ്ടായിരുന്നു. ആ പ്രശ്നം മാറിക്കിട്ടുവാൻ വേണ്ടി മൂന്നു പ്രാവശ്യം പൗലോസ് കർത്താവിനോടപേക്ഷിച്ചു. എന്നാൽ അപ്പോഴൊക്കെ "നിനക്ക് എന്റെ കൃപ മതി"(2 കൊറി. 12:9) എന്നാണ് കർത്താവ് പൗലോസിന് മറുപടി നല്കിയത്. അതായത് പൗലോസിനു കർത്താവ് നല്കിയത് അദ്ദേഹം ചോദിച്ച കാര്യമല്ലായിരുന്നു. അതിനു പകരം പൗലോസിനു തന്റെ പ്രശ്നം കൈകാര്യം ചെയ്യുവാനുള്ള കൃപയാണു കർത്താവ് നല്കിയത്. നമ്മൾ പ്രാർത്ഥിക്കുന്ന ഓരോ അവസരത്തിലും നാം ചോദിക്കുന്ന കാര്യം അതുപോലെ നല്കിയാലും ഇല്ലെങ്കിലും അപ്പോഴൊക്കെ അവിടുത്തെ കൃപ നമുക്കു നല്കുന്നുണ്ട് എന്നതു നന്ദിയോടെ നാം എപ്പോഴും അനുസ്മരിക്കണം.

54. നാം പ്രാർത്ഥിക്കുമ്പോഴൊക്കെ നമ്മെ അനുഗ്രഹിക്കുന്ന ദൈവം നമ്മുടെ പ്രാർത്ഥന ഫലപ്രദമാകുവാൻ വേണ്ടി ചില നിബന്ധനകൾ നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതു അവിടുത്തെ ഇഷ്ടത്തിനനുസരിച്ചു നാം ചോദിക്കണം എന്നുള്ളതാണ്. "അവന്റെ ഇഷ്ടത്തിനനുസൃതമായി നാം എന്തെങ്കിലും ചോദിച്ചാൽ അവിടുന്നു നമ്മുടെ പ്രാർത്ഥന കേൾക്കും" (യോഹന്നാൻ 5:14) എന്നു ദൈവവചനം ഉറപ്പു നല്കുന്നു. യേശു പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചു കൊള്ളുക; നിങ്ങൾക്കു ലഭിക്കും" (1 യോഹന്നാൻ 15: 7). അതുപോലെ തന്നെ, "ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവരെയാണ് ഞാൻ കടാക്ഷിക്കുക"(ഏശയ്യാ 66:2) എന്ന ദൈവവചനവും നാം ഓർമിക്കേണ്ടതായിട്ടുണ്ട്. എളിമയും അനുതാപവുമുള്ള ഹൃദയത്തോടെ, ദൈവവചനം അനുദിന ജീവിതത്തിൽ പാലിച്ചുകൊണ്ടു നാം പ്രാർത്ഥിച്ചാൽ മാത്രമേ നമ്മുടെ പ്രാർത്ഥന ഫലവത്താവുകയുള്ളു എന്നു സാരം. സോളമൻ രാജാവ് ജറുസലേം ദൈവാലയം പണികഴിച്ചപ്പോൾ ദൈവം അദ്ദേഹത്തിനു പ്രത്യക്ഷനായി പറഞ്ഞകാര്യവും നാം ഓർമിക്കുന്നതു നല്ലതാണ്. അവിടുന്നു പറഞ്ഞു: "എന്റെ ജനം എന്നെ അനുസരിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും അവരുടെ ദുർമാർഗങ്ങളിൽ നിന്നു പിന്തിരിയുകയും ചെയ്താൽ, ഞാൻ സ്വർഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും. ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്കു നേരെ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും" (2 ദിനവൃത്താന്തം 7:14-15).

55. യഥാർത്ഥമായ ഉപവാസം എന്താണെന്നു വിശദീകരിച്ചുകൊണ്ടു ദൈവം പ്രാർത്ഥനയെക്കുറിച്ചു പറയുന്ന കാര്യവും നമ്മുടെ ഓർമ്മയിൽ തങ്ങിനിൽക്കട്ടെ. അവിടുന്നു പറയുന്നു: "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്നു ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടി വിരിയും.... നീ പ്രാർത്ഥിച്ചാൽ കർത്താവു ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ, ഞാൻ എന്നു അവിടുന്നു മറുപടി തരും" (ഏശയ്യാ 58: 24-25).

56. വിശ്വാസത്തോടും (മത്തായി 21:22) മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും (മർക്കോസ് 11: 24-25) ദൈവവചനം പാലിച്ചുകൊണ്ടും (1 യോഹന്നാൻ 3:22) വിനീതരായി (2 ദിനവൃത്താന്തം 34:27; ലൂക്കാ 18:9-14) നാം പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും. എന്നാൽ, "സംശയമനസ്കനും എല്ലാക്കാര്യങ്ങളിലും ചഞ്ചലപ്രകൃതിയുമായ ഒരുവന് എന്തെങ്കിലും കർത്താവിൽ നിന്നു ലഭിക്കുമെന്ന് കരുതരുത്" (യാക്കോബ് 1:8) എന്നാണു ദൈവവചനം പഠിപ്പിക്കുന്നത്. വിശ്വാസരാഹിത്യം പോലെ തന്നെ നമ്മുടെ പ്രാർത്ഥനയ്ക്കു തടസം സൃഷ്ടിക്കുന്നതാണു നമ്മുടെ പാപം. അതുകൊണ്ടല്ലയോ "കർത്താവ് ദുഷ്ടരിൽനിന്നു അകന്നിരിക്കുന്നു" (സുഭാ 15: 29) എന്നു ദൈവവചനം പറയുന്നത്? ഈ വസ്തുത മനസിലാക്കിയതുകൊണ്ടാണ് "എന്റെ ഹൃദയത്തിൽ ദുഷ്ടത കുടിയിരുന്നുവെങ്കിൽ കർത്താവ് എന്നെ കേൾക്കുമായിരുന്നില്ല" (സങ്കീ. 66:19) എന്നു ദാവീദ് എഴുതിയത്.

57. നമ്മുടെ പാപം നമ്മുടെ പ്രാർത്ഥനയുടെ ഫലസിദ്ധിക്കു തടസമാകുമെന്നു ദൈവവചനം വ്യക്തമാക്കുന്നുണ്ട്: "നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു. നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽ നിന്നു മറച്ചിരിക്കുന്നു. അതിനാൽ അവിടുന്നു നിന്റെ പ്രാർത്ഥന കേൾക്കുന്നില്ല" (ഏശയ്യാ 59:13). ദരിദ്രന്റെ നിലവിളി കേൾക്കാത്തവന്റെയും (സുഭാ. 21:13) അഹങ്കാരപൂർവ്വം പ്രവർത്തിക്കുന്നവന്റെയും (ഹോസിയ 5:5-7) അനീതി ചെയ്യുന്നവന്റെയും (ജറമിയ 5: 25-27) കാപട്യമുള്ളവന്റെയും (ഏശയ്യാ 11:11-15) സഹോദരനെ ദ്വേഷിക്കുന്നവന്റെയും (മർക്കോസ്11:25-26) ദൈവവചനം കേൾക്കാൻ വിസമ്മതിക്കുന്നവന്റെയും (സുഭാ. 1: 24-25, 28) പ്രാർത്ഥനയ്ക്കു ഫലമുണ്ടാവുകയില്ലെന്നു വിശുദ്ധ ഗ്രന്ഥം പറയുന്നു. "ഞാൻ വിളിച്ചപ്പോൾ അവർ കേട്ടില്ല; അതുപോലെ അവർ വിളിക്കുമ്പോൾ ഞാനും കേൾക്കുകയില്ല" (സഖറിയാ 7:13) എന്ന ദൈവവചനം പ്രാർത്ഥനാവേളകളിൽ നാം വിസ്മരിക്കരുത്.

(തുടരും)

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

അല്മായവിശ്വാസികൾ ഓരോരുത്തരുടെയും അനുദിനജീവിതം ഏതെല്ലാം ഇടങ്ങളിലാണോ, അവിടങ്ങളിലെല്ലാം കടന്നുചെല്ലാൻ തീർച്ചയായും സുവിശേഷത്തിനു സാധിക്കും. മാത്രമല്ല, വ്യക്തിയുടെ ജീവിതവും വിശ്വാസവും ഒന്നായതുകൊണ്ട് സുവിശേഷ പ്രചാരണം അനുസ്യൂതമായിരിക്കുകയും ചെയ്യും.

## 4. അല്മായ മുന്നേറ്റത്തിന്റെ വിവിധ തലങ്ങൾ

### a) പങ്കാളിത്തത്തിന്റെ സംഘാതരൂപങ്ങൾ

അല്മായസംഘടനകൾ–സഭാകൂട്ടായ്മയിലും ദൗത്യത്തിലും സജീവമായി സഹകരിക്കാൻ അല്മായരോട് ആവശ്യപ്പെടുന്ന മാമ്മോദീസ എന്ന കൂദാശയാണ് ഈ സ്വാതന്ത്ര്യത്തിന്റെ ഉറവിടം. ഇക്കാര്യത്തിൽ സൂനഹദോസ് പറയുന്നത് സുവ്യക്തമാണ്: സഭാധികാരികളോടു വേണ്ടത്ര ബന്ധപ്പെട്ടുനിന്നുകൊണ്ട് സംഘടനകൾ സ്ഥാപിച്ചുനടത്താനും നിലവിലുള്ള സംഘടനകളിൽ അംഗങ്ങളാകാനും അല്മായർക്ക് അവകാശമുണ്ട്. അടുത്തകാലത്തു പ്രസിദ്ധീകരിച്ച കാനൻനിയമസംഹിതയിൽ നിന്നുള്ള ഉദ്ധരണിയും ഇതുതന്നെ സ്ഥിരീകരിച്ചുകൊണ്ടുപറയുന്നു: “ജീവകാരുണ്യപരവും മതപരവുമായ കാര്യങ്ങൾക്കുവേണ്ടിയോ ലോകത്തിൽ ക്രൈസ്തവവിളി വളർത്താനോ സംഘടനകൾ സ്ഥാപിക്കാനും അവ നിയന്ത്രിക്കാനുമുള്ള സ്വാതന്ത്ര്യം ക്രൈസ്തവവിശ്വാസികൾക്കുണ്ട്; ഈ പൊതുലക്ഷ്യം സാധിക്കാൻവേണ്ടി സമ്മേളനങ്ങൾ ചേരാനും അവർക്ക് സ്വാതന്ത്ര്യമുണ്ട്.

അജപാലകർ അല്മായ സംഘടനകളെ വിവേചിച്ചറിയുന്നതിനൊപ്പം അവയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും സർവോപരി, സഭാകൂട്ടായ്മയിലും ദൗത്യത്തിലും അല്മായ സംഘടനകൾ അഭിവൃദ്ധി പ്രാപിക്കുംവിധം പ്രോത്സാഹിപ്പിക്കുകയും വേണം. ഇതെക്കുറിച്ച് സൂനഹദോസ് ഇങ്ങനെ പറഞ്ഞിട്ടുണ്ട്: “ലക്ഷ്യങ്ങളും പ്രവർത്തനരീതികളും പലതായിരിക്കുന്നതുപോലെതന്നെ, അല്മായ പ്രേഷിതത്വത്തിന് ഹയരാർക്കിയോടുള്ള ബന്ധവും വിവിധങ്ങളാണ്... അല്മായരുടെ പ്രേഷിതപ്രവർത്തനങ്ങൾ വിവിധ രീതിയിലാണെങ്കിലും സഭാധികാരികൾ വ്യക്തമായി അംഗീകരിക്കാറുണ്ട്.

### b) അല്മായ പ്രസ്ഥാനങ്ങളും സഭാശുശ്രൂഷയും

ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ നേതൃത്വകാലയളവിൽ കത്തോലിക്കാ സഭയിൽ ചർച്ചചെയ്യപ്പെട്ട കാര്യങ്ങളിൽ എടുത്തുപറയേണ്ട രണ്ട് സുപ്രധാനസമീപനങ്ങളായിരുന്നു **നവസുവിശേഷവൽക്കരണവും അല്മായ പങ്കാളിത്തവും.** ഏഷ്യൻ സിനഡിന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്ന ‘ഏഷ്യയിലെ സഭ (Ecclesia in Asia) എന്ന ശ്ലൈഹികാഹ്വാനത്തിലും ഈ ഊന്നലുകൾ എഴുന്നുനിൽക്കുന്നതു കാണാം.

അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി എടുത്തുപറയുന്നപോലെ, “....സംഘടനകൾ സ്ഥാപിച്ചുനടത്താനും നിലവിലുള്ള സംഘടനകളിൽ അംഗങ്ങളാകാനും അല്മായന് അവകാശമുണ്ട്. ഫോക്കൊലാരെ, നിയോ കാറ്റക്കുമനൽ വേ, കരിസ്മാറ്റിക് നവീകരണം, സാന്ത് എജീദിയോ, ഓപ്പുസ് ദേയി, കമ്മ്യൂണിയൻ ആന്റ് ലിബറേഷൻ തുടങ്ങിയ എക്ലേസിയൽ മുന്നേറ്റങ്ങൾ കത്തോലിക്കാ അല്മായ ആത്മാവബോധത്തിന്റെ പ്രകടനങ്ങൾ മാത്രമല്ല ഇന്നത്തെ കാലഘട്ടത്തെയും അതിന്റെ പ്രത്യേകതകളെയും എങ്ങനെ സമീപിക്കണം എന്നതിന് സഭാനേതൃത്വത്തിന് ചൂണ്ടുപലകകളുമാകുന്നു. ജോൺ പോൾ രണ്ടാമൻ കരിസ്മാറ്റിക് നവീകരണത്തെക്കുറിച്ചു പറഞ്ഞത് ഈ എക്ലേസിയൽ മുന്നേറ്റങ്ങളെക്കുറിച്ചുള്ള ഒരു പൊതുപരാമർശമായിക്കൂടെ കരുതാം. “നവീകരണ മുന്നേറ്റത്തിന്റെ ഊർജ്ജ്വസ്വലതയും ഫലദായകത്വവും രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം സഭയിലുള്ള ശക്തമായ ദൈവാത്മസാന്നിധ്യത്തിനു സാക്ഷ്യമാകുന്നു....രണ്ടാം സഹസ്രാബ്ദത്തിന്റെ പരിസമാപ്തിയിൽ “ ആത്മാവു സഭകളോടു സംസാരിക്കുന്നതിന്റെ പ്രകടമായ സൂചന” ഇത്തരണത്തിൽ ജോൺപോൾ രണ്ടാമൻ അല്മായരുടെ സംഘടിത പ്രവർത്തനങ്ങളെ രണ്ടായി വേർതിരിക്കുന്നത് ശ്രദ്ധിക്കേണ്ടതാണ്. സഭാചരിത്രത്തിലെ അല്മായ സംഘടനാസാന്നിധ്യസൂചനയാണ് “ഇന്നത്തെ സഭ ഭ്രാതൃസംഘങ്ങൾ, മൂന്നാം സഭകൾ, സൊഡാലിറ്റി തുടങ്ങിയവ”. എന്നാൽ രണ്ടാമതൊരു തരം അല്മായ സംഘാതരൂപങ്ങൾ ആധുനിക കാലത്തെ അല്മായ ഉണർവിന്റെ ഫലമാണ്.



കാനോൻ നിയമത്തിൽ അല്മായ വിശ്വാസികളെക്കുറിച്ച് പരാമർശിക്കുമ്പോൾ ‘ക്രിസ്തുവിശ്വാസികളുടെ സ്വകാര്യ അസോസിയേഷനുകളെ’ക്കുറിച്ചുള്ള കാനോനകൾ (കാനോന.321–326) ഈ മാറുന്ന അല്മായവബോധത്തോടുള്ള ഭാവാത്മകമായ സഭാപ്രതികരണത്തിന്റെ വാചാലമായ സാക്ഷ്യമാണ്. അല്മായർക്കുവേണ്ടി ഹയരാർക്കി മുൻകൈയെടുത്തു സ്ഥാപിക്കുന്ന ‘പബ്ലിക് അസോസിയേഷനുകൾ’ (കാനോന.298–311) പ്രാധാന്യമർഹിക്കുന്നതുപോലെ അല്മായർ സ്വയം ആദരിച്ച് സഭയോടൊത്തു മുന്നേറുന്ന ‘പ്രൈവറ്റ് അസോസിയേഷനു’കളും സഭ വിലമതിക്കുന്നു എന്നതാണ് അല്മായ നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ഈ പുത്തൻ പ്രതികരണം.

അല്മായ മുന്നേറ്റം പരിപോഷിപ്പിക്കുന്ന കാര്യത്തിൽ പൊതുവായ ചില സമീപനങ്ങൾ ഉണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. അവയിൽ ചിലത്:

1) വ്യക്തിപരമായ ക്രിസ്തീയ വിളിയെക്കുറിച്ചുള്ള ബോധ്യം വളർത്തൽ
2) സമാനരീതിയിലുള്ള വ്യക്തികളുൾക്കൊള്ളുന്ന കൂട്ടായ്മയിലെ പങ്കാളിത്തം.
3) മറ്റുള്ളവരുമായി ബോധ്യത്തോടെ പങ്കുവയ്ക്കുന്ന ആദ്ധ്യാത്മികാനുഷ്ഠാന ശൈലികൾ.
4) വചനാധിഷ്ഠിത സഭാത്മക പരിശീലനക്രമങ്ങൾ.
5) സ്വന്തം വരവും ദൗത്യവും കണ്ടെത്തി വളരാൻ പ്രോത്സാഹനം.
6) ഉത്തരവാദിത്വം കൈയേൽപ്പിച്ച് അഭിഷേകം ചെയ്ത് പറഞ്ഞയക്കൽ.
7) തുടർ പരിശീലനത്തിനും വളർച്ചയ്ക്കുമുള്ള സാദ്ധ്യതകൾ.

**അജപാലകർ അല്മായ സംഘടനകളെ വിവേചിച്ചറിയുന്നതിനൊപ്പം അവയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും സർവോപരി, സഭാകൂട്ടായ്മയിലും ദൗത്യത്തിലും അല്മായ സംഘടനകൾ അഭിവൃദ്ധി പ്രാപിക്കുംവിധം പ്രോത്സാഹിപ്പിക്കുകയും വേണം.**

അല്മായന്റെ മാഹാത്മ്യം കണ്ടെത്താൻ അവനെ ഏറ്റം സഹായിക്കുന്നത് യേശുവുമായുള്ള അവന്റെ പുതുബന്ധത്തിന്റെ കണ്ടെത്തലും മാമ്മോദീസായുടെ തുടർ വിചിന്തനവുമാണ്.

(തുടരും)

**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
Mobile: 9746085144



# താളം തെറ്റുന്ന മനസ്സുകൾ

സുമിത്തും സുജിത്തും സഹോദരന്മാരാണ്. അവരുടെ മാതാപിതാക്കൾ വിദേശത്തായിരുന്നു. അമ്മയ്ക്കു കിട്ടുന്ന പണം മുഴുവനും ധൂർത്തടിച്ചും മദ്യപിച്ചും പിതാവ് നിയന്ത്രണമില്ലാതെ ജീവിച്ചു. സഹികെട്ട് അമ്മ മക്കളേയും കൂട്ടി സ്വന്തം വീട്ടിലേയ്ക്കു പോയി. മക്കൾക്ക് ജീവിക്കുവാനുള്ള പണമുണ്ടാക്കാൻ സ്വന്തം സഹോദരിയുടെ സഹായത്താൽ അമേരിക്കയിലെത്തി അവിടെ കഴിയുന്നു. പിതാവ് അയാളുടെ കുടുംബസ്വത്തിൽ ഒരു വീടുവച്ച് മദ്യപിച്ച് സ്വതന്ത്രനായി കഴിയുന്നു. മക്കൾ അവിടെ ചെന്നാൽ ദാസ്യവേല ചെയ്യിക്കുകയും, മർദ്ദിക്കുകയും, ചീത്തപറയുകയും ചെയ്യും. അപ്പന്റെ കാര്യം പറയുമ്പോൾ വെറുപ്പും ഭയവും വിദ്വേഷവുമാണ്. ഇളയ മകനെ വിദ്യാഭ്യാസത്തിനായി കേരളത്തിനു വെളിയിലേയ്ക്കയച്ച് അവിടെ ചെന്നപ്പോഴും അപ്പൻ ഫോൺവിളിച്ച് ചീത്ത പറയും. നീയൊക്കെ പട്ടിണികിടന്ന് മരിക്കത്തേയുള്ളുവെന്നു പറഞ്ഞ് ശപിക്കും. മനസ്സ് അസ്വസ്ഥനായ അവൻ കൂട്ടുകെട്ടിൽപെട്ട് കഞ്ചാവ് ഉപയോഗിക്കുവാൻ തുടങ്ങി. അതോടെ പഠനം മുടങ്ങി. ഭയവും നിരാശാബോധവുമൊക്കെയായി നാട്ടിലേയ്ക്കു തിരിച്ചുപോന്നു. ലഹരിമരുന്നിന്റെ ഫലമായുണ്ടായ വികല്പങ്ങളും, മിഥ്യാദർശനങ്ങളും അവന് അനുഭവപ്പെട്ടു. അവന്റെ മനസിലേയ്ക്ക് മറ്റുള്ളവർ അവന്റെ അനുവാദമില്ലാതെ ചിന്തകൾ കടത്തിവിടുന്നതായും അവന്റെ മനസിലുള്ള രഹസ്യങ്ങൾ മറ്റുള്ളവർ അറിയുന്നതായും ഒക്കെ അനുഭവപ്പെടുവാൻ തുടങ്ങി. അവർ സഹോദരൻമാർ തമ്മിൽ വലിയ സ്നേഹമാണ്. അനുജന് അസ്വാസ്ഥ്യങ്ങൾ വരുമ്പോൾ ജ്യേഷ്ഠന്റെ മനസിന്റെ താളംതെറ്റും. അസ്വസ്ഥതയകറ്റാനായി എന്നുപറഞ്ഞ് എന്നും രാത്രി മദ്യപിക്കും. ഈ അടുത്ത ദിവസം മൂത്ത മകൻ ഒരു ജോലിയിൽ പ്രവേശിച്ചു. അവിടെത്തന്നെ അനുജനും ഒരു ജോലി തരപ്പെടുത്തി. ആദ്യം കിട്ടിയ ശമ്പളവുമായി പിതാവിനെ കാണാനെത്തി. ശമ്പളം പിതാവിന് വച്ചുനീട്ടിയപ്പോൾ അയാൾ ചീത്തവിളിച്ചുകൊണ്ട് കൈതട്ടിമാറ്റി. അവന് ഭക്ഷണം പോലും കഴിക്കാൻ കൊടുത്തില്ല. നിരാശനായ അവൻ അടുത്തുള്ള രണ്ടുകൂട്ടുകാരെയും കൂട്ടി ടൗണിൽ പോയി മുറിയെടുത്ത് തുടർച്ചയായി മൂന്നു ദിവസം മദ്യപിച്ചു. തിരിച്ചുവന്ന് വീണ്ടും ജോലിയിൽ പ്രവേശിച്ചപ്പോഴാണ് അവന്റെ മാതാവിന്റെ അപ്പൻ വിവരങ്ങൾ വിശദമായി അറിയുന്നത്. അമ്മയുമായി സംസാരിച്ചശേഷമാണ് കൗൺസിലിംഗിനെത്തിയത്.

ആക്രമണ മനോഭാവം നമ്മിൽ ജനിക്കുന്നത് മൂന്നു തരത്തിലാണ്. നിരാശകൊണ്ട്, മോഡലിംഗുകൊണ്ട്, പഠനംകൊണ്ട്. ഇവിടെ കുട്ടികൾ രണ്ടും പിതാവിന്റെ സമീപനം മൂലം കടുത്ത നിരാശയിലാണ്. പിതാവിനോടുള്ള ദേഷ്യം അവർക്ക് നേരിട്ട് പ്രകടിപ്പിക്കാൻ കഴിയുന്നില്ല. അനുരഞ്ജനപ്പെടുവാൻ പല തവണ ശ്രമിച്ചിട്ട് സാധിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ മനസിൽ നശീകരണപ്രവണത ഉടലെടുക്കും. നശീകരണം രണ്ടുതരത്തിൽ നടത്താം. സ്വയം നശിക്കലും മറ്റുള്ളവരെ നശിപ്പിക്കലും. സ്വയം നശിപ്പിക്കലിന്റെ രീതികളാണ് മദ്യപാനം, ലഹരി ഉപയോഗം, ആത്മഹത്യാശ്രമം തുടങ്ങിയവ. മറ്റുള്ളവരെ നശിപ്പിക്കാൻ ദേഹോപദ്രവവും കൊലപാതകവും പരദൂഷണവുമൊക്കെ വഴികളായി സ്വീകരിക്കും. നിരാശയിൽ നിന്ന് ഉരുത്തിരിയുന്ന ഇത്തരം പ്രവർത്തനങ്ങളാണ് മേൽപറഞ്ഞ രണ്ട് യുവാക്കളിൽ പ്രകടമാകുന്നത്. ഒരാൾ മയക്കുമരുന്നിനും മറ്റെയാൾ മദ്യത്തിനും അടിമകളാകുന്നു. വർദ്ധിച്ചുവരുന്ന ആത്മസംഘർഷത്തിൽ നിന്ന് രക്ഷനേടുവാൻ അവർ സ്വീകരിക്കുന്ന വഴികൾ കൂടുതൽ അപകടങ്ങളിലേയ്ക്ക് അവരെ നയിക്കുന്നു. അമ്മ മക്കളെ പോറ്റുവാൻ വിദേശത്തായിരിക്കുന്നതിനാൽ അമ്മയുടെ സാമീപ്യം കൊണ്ടുള്ള സാന്ത്വനവും അവർക്ക് അപ്രാപ്യമാണ്. ആകെക്കൂടി ആശ്രയമായിട്ടുള്ളത് അമ്മയുടെ പിതാവാണ്. പ്രശ്നങ്ങളുണ്ടാകുമ്പോൾ അദ്ദേഹത്തെത്തേടി അവർ എത്തും. അങ്ങനെയാണ് അവർ കൗൺസിലിംഗിനായി എന്റെ അടുത്ത് എത്തിയത്. അവരുമായുള്ള സംഭാഷണത്തിൽ നിന്ന് തികഞ്ഞ അരക്ഷിതത്വബോധം അവർക്ക് ഉണ്ടെന്ന് എനിക്കു ബോധ്യമായി. സ്വന്തമായി സ്ഥലമോ വീടോ ഇല്ല. അമ്മ അദ്ധ്വാനിച്ച പണമെല്ലാം അപ്പൻ നശിപ്പിച്ചു. തനിയെ സമ്പാദിക്കാൻ തുടങ്ങിയിട്ട് അധികം നാളായതുമില്ല. അതുകൊണ്ട് അവർ രണ്ടുപേരും അദ്ധ്വാനിച്ചു ജീവിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ ഇടയ്ക്ക് ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ, വരുമാനം നിലച്ചുപോകുമ്പോൾ മനസ് കൂടുതൽ നിരാശയിലേയ്ക്ക് വഴുതിപ്പോകുന്നു. അപ്പോൾ മയക്കുമരുന്നിനേയും മദ്യത്തേയും അവലംബിക്കുന്നു.

സാമ്പത്തിക സുരക്ഷിതത്വത്തിനും ഭാവിയുടെ ശക്തമായ ആസൂത്രണത്തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അല്പം ശ്രദ്ധിച്ചാൽ ശോഭനമായ ഒരു ഭാവി ഉറപ്പാണ് എന്നുമുള്ള ബോധ്യം ഉണ്ടാക്കുവാൻ അവരെ സഹായിക്കുകയും ചെയ്തപ്പോൾ അവരുടെ കാഴ്ചപ്പാടുകൾ മാറി. കെട്ടുറപ്പുള്ള ഒരു ജീവിതത്തിന് അവർ തീരുമാനമെടുക്കുകയും രണ്ടുപേരും ദുശീലങ്ങൾ ഉപേക്ഷിച്ച് പരിശ്രമശാലികളായിത്തീരുകയും ചെയ്തു. അനുജൻ നിർത്തിവച്ച ഡിഗ്രി പഠനം പൂർത്തീകരിച്ചു. ഇപ്പോൾ രണ്ടുപേരും സന്തോഷത്തോടെ ജോലിചെയ്യുന്നു.

# LAITY VOICE





**ക്രൈസ്തവരുടെ ധാർമ്മികജീവിതം ആധ്യാത്മികമായ ആരാധനയുടെ പ്രവൃത്തിയാകത്തക്കവിധം ക്രിസ്തുവിന്റെ ദിവ്യകാരുണ്യയാഗത്തോട് അവർ ഐക്യപ്പെട്ടിരിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിൽ നിന്നും വിശുദ്ധരുടെ ജീവിതത്തിൽ നിന്നും അവർ വിശുദ്ധിയുടെ മാതൃക പഠിക്കുന്നു.**


കഴിഞ്ഞ ലക്കം തുടർച്ച...


**നമുക്കു യോഗ്യത നേടിയെടുക്കാവുന്ന നന്മകൾ ഏവ?**

നമ്മുടെ വിശുദ്ധീകരണത്തിനും നിത്യജീവൻ പ്രാപിക്കുന്നതിനും ആവശ്യമായ കൃപാവരങ്ങൾക്കുള്ള യോഗ്യത നമുക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും, പരിശുദ്ധാത്മാവിനാൽ ചലിപ്പിക്കപ്പെട്ട് നമുക്ക് നേടാനാവും. ദൈവത്തിന്റെ പദ്ധതിയോടുചേർന്ന് നമുക്ക് ഉചിതമായ ഭൗതിക നന്മകൾക്കുപോലുമുള്ള അർഹത അങ്ങനെ നേടാവുന്നതാണ്. എന്നാൽ, മാനസാന്തരത്തിന്റെയും നീതീകരണത്തിന്റെയും ആരംഭത്തിലുള്ള പ്രാഥമിക കൃപയ്ക്കുള്ള യോഗ്യത ആർക്കും നേടാവുന്നതല്ല.

**ക്രൈസ്തവ വിശുദ്ധിയിലേയ്ക്ക് നമ്മൾ എല്ലാവരും വിളിക്കപ്പെട്ടിട്ടുണ്ടോ?**

ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ പരിപൂർണ്ണതയുമായ ക്രൈസ്തവ വിശുദ്ധിയിലേയ്ക്ക് എല്ലാ വിശ്വാസികളും വിളിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തുവുമായും അവിടുന്നിൽ പരിശുദ്ധത്രിത്വവുമായുള്ള ഗാഢമായ ഐക്യത്തിലൂടെയാണ് ഇത് സാധിക്കുന്നത്. ക്രൈസ്തവന് വിശുദ്ധിയിലേയ്ക്കുള്ള പാത കുരിശിലൂടെയുള്ള കടന്നുപോകലിനുശേഷം ദൈവം എല്ലാവരിലും എല്ലാം ആകുന്ന നീതിമാന്മാരുടെ അന്തിമോത്ഥാനത്തിൽ പൂർണ്ണമാകും.

## സഭ മാതാവും ഗുരുനാഥയും

**എങ്ങനെയാണ് സഭ ക്രൈസ്തവ ധാർമ്മികജീവിതത്തെ പരിപോഷിപ്പിക്കുന്നത്?**

ദൈവവചനവും "ക്രിസ്തുവിന്റെ നിയമത്തിന്റെ" പ്രബോധനവും കൂദാശകളുടെ കൃപാവരവും ക്രൈസ്തവൻ സ്വീകരിക്കുന്നത് സഭയാകുന്ന സമൂഹത്തിലാണ്. ക്രൈസ്തവരുടെ ധാർമ്മികജീവിതം ആധ്യാത്മികമായ ആരാധനയുടെ പ്രവൃത്തിയാകത്തക്കവിധം ക്രിസ്തുവിന്റെ ദിവ്യകാരുണ്യയാഗത്തോട് അവർ ഐക്യപ്പെട്ടിരിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിൽ നിന്നും വിശുദ്ധരുടെ ജീവിതത്തിൽ നിന്നും അവർ വിശുദ്ധിയുടെ മാതൃക പഠിക്കുന്നു.

**എന്തുകൊണ്ടാണ് സഭയുടെ പ്രബോധനാധികാരം ധാർമ്മികതയുടെ രംഗത്ത് പ്രവർത്തിക്കുന്നത്?**

വിശ്വസിക്കേണ്ടതും ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുമായ വിശ്വാസം പ്രസംഗിക്കുകയെന്നത് സഭയുടെ പ്രബോധനാധികാരത്തിന്റെ കടമയാകയാലാണിത്. സ്വാഭാവികനിയമത്തിന്റെ സവിശേഷ കല്പനകളിലേയ്ക്കുപോലും ഈ കടമ നീളുന്നുണ്ട്. അവയുടെ പാലനം നിത്യരക്ഷയ്ക്ക് അത്യാവശ്യമാകയാലാണിത്.

**സഭയുടെ കല്പനകൾക്ക് എന്തുദ്ദേശ്യമാണുള്ളത്?**

പ്രാർത്ഥനയുടെ ചൈതന്യത്തിലും കൗദാശികജീവിതത്തിലും ധാർമ്മികസമർപ്പണത്തിലും ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തിലുള്ള വളർച്ചയിലും അനുപേക്ഷണീയമായ മിനിമം കാര്യങ്ങൾ വിശ്വാസികൾക്ക് ഉറപ്പുവരുത്തുകയെന്നതാണ് സഭയുടെ അഞ്ചു കല്പനകളുടെ ഉദ്ദേശ്യം.

**സഭയുടെ കല്പനകൾ ഏവയാണ്?**

ഇവയാണ് സഭയുടെ കല്പനകൾ: 1. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വി.കുർബാനയിൽ പങ്കുകൊള്ളുകയും ആ ദിവസങ്ങളുടെ വിശുദ്ധീകരണത്തെ തടസ്സപ്പെടുത്താവുന്ന ജോലികളിലും പ്രവർത്തനങ്ങളിലും നിന്ന് അകന്നുനിൽക്കുകയും ചെയ്യുക. 2. വർഷത്തിലൊരിക്കലെങ്കിലും അനുരഞ്ജനകൂദാശയ്ക്കണഞ്ഞ് പാപങ്ങൾ ഏറ്റുപറയുക. 3. പെസഹാക്കാലത്തെങ്കിലും ദിവ്യകാരുണ്യകൂദാശ സ്വീകരിക്കുക. 4. സഭ നിശ്ചയിക്കുന്ന ദിവസങ്ങളിൽ മാംസഭക്ഷണം വർജ്ജിക്കുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്യുക. 5. ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് സഭയുടെ ഭൗതികാവശ്യങ്ങൾക്ക് വേണ്ടതുകൊടുത്ത് സഹായിക്കുക.

**എന്തുകൊണ്ടാണ് ക്രൈസ്തവ ധാർമ്മികജീവിതം സുവിശേഷത്തിന്റെ പ്രഖ്യാപനത്തിന് അത്യാവശ്യമായിരിക്കുന്നത്?**

എന്തുകൊണ്ടെന്നാൽ ക്രൈസ്തവരുടെ ജീവിതങ്ങൾ കർത്താവായ യേശുവിനോട് അനുരൂപപ്പെടുത്തി അവർ സത്യദൈവത്തിലുള്ള വിശ്വാസത്തിലേയ്ക്ക് മറ്റുള്ളവരെ ആകർഷിക്കുന്നു, സഭയെ പടുത്തുയർത്തുന്നു, സുവിശേഷ ചൈതന്യം ലോകത്തിനു പകരുന്നു, ദൈവരാജ്യത്തിന്റെ ആഗമനത്തെ ത്വരിതപ്പെടുത്തുന്നു.


(തുടരും)


*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**


Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com



SHAJU.CHACKO7@GMAIL.COM

Private circulation